2014
മാർച്ച്

Pages 08
Vol: 5
Issue No. 3

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM
സത്യവചനം സാഹോദര്യം സ്വാതന്ത്ര്യം സഹവർത്തിത്വം

Published From Vadasserikara
Reg. No. KERBIL/2008/26466
Postal Reg. No.
KLPTA/89/2014-2016
ഒറ്റ പ്രതി: ₹10


# ക്രിസ്തുവിന്റെ കണ്ണുകളിലൂടെ ലോകത്തെ ദർശിക്കുക : കെ. എം. ജോൺ




**നിയോഗം തിരിച്ചറിയുക:** ബ്രദർ കെ.എം. ജോൺ മുഖ്യസന്ദേശം നൽകുന്നു. പരിഭാഷ: സജി എ.ജെ., ഡോ. ഒ.എം. സാമുവേൽ, എം.റ്റി. ജോർജ്ജ്, കെ.വി. ജോൺ, കെ.വി. കോശി, കെ.എ. ഫിലിപ്പ് എന്നിവർ സമീപം

**പത്തനംതിട്ട:** യഥാർത്ഥ ദൈവ ദർശനം ലഭിച്ചവർക്കേ സ്വന്തം അപര്യാപ്തതകളെയും സമൂഹത്തിന്റെ ആവശ്യങ്ങളെയും മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ. യെശയ്യാവ് ദൈവദർശനം നേടിയതിലൂടെ സ്വയദർശനവും സഹജീവിയുടെ യഥാർത്ഥ പ്രശ്നങ്ങളും ഗ്രഹിക്കുവാൻ ഇടയായി. വിശ്വാസികളും പ്രവർത്തകരും ഈ അനുഭവം നേടണം ബ്രദർ കെ. എം. ജോൺ ഓർമ്മിപ്പിച്ചു.

പത്തനംതിട്ട ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 16 -ാമത് ബിരുദദാന സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. സുവിശേഷവേല സമർപ്പണത്തിന്റെയും ത്യാഗത്തിന്റെയും ദൗത്യമാണ്. ദൈവത്തിനു പകരം ഭൂമിയിൽ ദൈവസ്നേഹത്തെയും കാര്യപരിപാടിയേയും അവതരിപ്പിക്കുകയാണ്. ദൈവഹൃദയം നേടിയവർക്കേ അത് വിജയകരമാക്കുവാൻ കഴിയുകയുള്ളൂ. യെശയ്യാവിന്റെ പ്രവർത്തനങ്ങളുടെ വിജയരഹസ്യം അതായിരുന്നു. അദ്ദേഹം കൂട്ടിച്ചേർത്തു.

ഇലന്തൂർ ബി.ബി.എ. അങ്കണത്തിൽ തയ്യാറാക്കിയ പന്തലിൽ മാർച്ച് 1 ശനി രാവിലെ 9.30 ന് സ്തോത്രശുശ്രൂഷയിൽ ബ്രദർ തോംസൺ ബി. തോമസ് സ്തോത്രസന്ദേശം നൽകി. 25 വർഷം പിന്നിട്ട ബി.ബി.ഐ.യുടെ പിന്നിട്ട വഴികൾ ബ്രദർ ഒ. റ്റി. ചെറിയാൻ വിശദമാക്കി. കെ. എ. ഫിലിപ്പ് അദ്ധ്യക്ഷനായിരുന്നു. പി. ഇ. സാംകുട്ടി, പ്രൊഫ. ജേക്കബ് തോമസ്, റ്റി.ജി. മാത്യു എന്നിവർ ആശംസകൾ അർപ്പിച്ചു.

ബിരുദദാനസമ്മേളനത്തിൽ ഡോ. ഒ. എം. സാമുവേൽ അദ്ധ്യക്ഷത വഹിച്ചു. ഡോ. ഗ്രേസൺ ജോർജ്ജ് ആമുഖ പ്രഭാഷണം നടത്തി. 25 വർഷത്തെ ദൈവീക പരിപാലനയെ ഓർമ്മപ്പെടുത്തുന്ന സുവനീർ ബ്രദർ കെ. എം. ജോൺ ഡോ. ഗ്രേസൺ ജോർജ്ജിനു നൽകി പ്രകാശനം ചെയ്തു. മൊമന്റം മാത്യു ഏബ്രഹാം ചടങ്ങിൽ പ്രകാശനം ചെയ്തു.

പഠനം പൂർത്തിയാക്കിയ പത്ത് വിദ്യാർത്ഥികളെ അക്കാദമിക് ഡീൻ ഡോ. കെ. സി. ജോൺസൺ സദസ്സിന് പരിചയപ്പെടുത്തി. ഡോ. ഒ. എം. സാമുവേൽ ബിരുദം സമ്മാനിച്ചു. സി. എ. ജോർജ് വിദ്യാർത്ഥികളെ ദൈവകരങ്ങളിൽ സമർപ്പിച്ച് സ്തോത്രം ചെയ്തു.

അവാർഡുകളും കൂട്ടായ്മയും ബ്രദർ കെ. എസ്. ജോൺ സമ്മാനിച്ചു. ഡോ. ദാനിയേൽ വർഗീസ്, സണ്ണി റ്റി. ഫിലിപ്പ്, മാത്യു തോമസ്, ഡോ. ഉമ്മൻ ഫിലിപ്പ് എന്നിവർ ആശംസകൾ അർപ്പിച്ചു. എം. റ്റി. ജോർജ് കൃതജ്ഞത പ്രകാശിപ്പിച്ചു.

ഫെബിൻ ജോൺസ്, മാത്യു പോൾ, സജി എ. ജെ., കെ. വി. ജോൺ, ബിനു സാമുവേൽ, ചാർളി മാത്യു എന്നിവരും വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. ബി.ബി.ഐ. ടീം ഗാനവിരുന്ന് ഒരുക്കി.

# എം.എം. ആധുനിക മൊർദ്ദേഖായി: ചാണ്ടപ്പിള്ള ഫിലിപ്പ്

- ആത്മദർശനവും ദൈവഭയവുമുള്ള ഒരു സമൂഹമായി നിലനിൽക്കുവാൻ ബ്രദറൺ സമൂഹത്തെ എം.എം. ആഹ്വാനം ചെയ്തു.

**പുതുപ്പള്ളി:** കർതൃദാസൻ എം. എം. സഖറിയ ബ്രദറൺ സമൂഹത്തിന്റെ ആധുനിക കാലഘട്ടത്തിലെ മോർദ്ദേഖായി എന്ന് ബ്രദർ ചാണ്ടപ്പിള്ള ഫിലിപ്പ്. വേർപാട് സമൂഹത്തിനുവേണ്ടിയും ഉപദേശക സത്യങ്ങൾക്കുവേണ്ടിയും ഒരു പുരുഷായുസ്സ് മുഴുവനും എം.എം. ത്യാഗോജ്ജ്വലദൗത്യങ്ങൾ നിർവ്വഹിച്ചു. എം.എം. വചന പാണ്ഡിത്യത്തിലും ശുശ്രൂഷയിലും മഹാനും സഹോദര സംഘത്തിന് സർവ്വാത്മനാ ഇഷ്ടനും സ്വജനഗുണകാംഷിയുമായിരുന്നു. ബൈബിൾ സാഹിത്യ പ്രവർത്തക സമിതി എം.എം.നെ ആദരിക്കുവാൻ കൂടിയ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ചാണ്ടപ്പിള്ള ഫിലിപ്പ്.

പുതുപ്പള്ളി ക്രിസ്ത്യൻ ബ്രദറൺ ചർച്ചിൽ മാർച്ച് 14 വെള്ളി 9.30 നടന്ന സമ്മേളനത്തിൽ ബി.എസ്. പി.എസ് പ്രസിഡന്റ് ബ്രദർ ജോസഫ് മാത്യു അദ്ധ്യക്ഷത വഹിച്ചു. പി.ഐ. രാജൻകുട്ടിയുടെ പ്രാർത്ഥനയോടെ ആരംഭിച്ച പരിപാടികളിൽ ഷാജൻ പുതുപ്പള്ളി, ക്ലീറ്റസ് ചാണ്ടപ്പിള്ള, സജി പി. ജോർജ്ജ് എന്നിവർ ഗാനവിരുന്ന് ഒരുക്കി.

എം.എം.പിന്നിട്ട87 സുദീർഘവർഷങ്ങളിലൂടെ ബ്രദർ ജോർജ്ജ് കോശി

➡ 2...



**ബ്രദറൺ സമൂഹത്തിന്റെ ആദരം:** ബി.എസ്.പി.എസ്. ബ്രദർ എം.എം. സഖറിയായെ ആദരിച്ചപ്പോൾ. ബ്രദർ കെ.എം. ജോൺ ഫലകം നൽകുന്നു. ജോസഫ് മാത്യു, സി.റ്റി. ജോണിക്കുട്ടി, എം.വി. ബാബു എന്നിവർ സമീപം.

## കെ.ഇ.എം. ഫണ്ട് റിപ്പോർട്ട് : വിവരങ്ങൾ നൽകാം

**കുമ്പനാട്:** കെ.ഇ.എം. ഫണ്ട് 70 -ാമത് വാർഷിക റിപ്പോർട്ട് ഉടൻ പ്രസിദ്ധീകരിക്കുന്നു. സുവിശേഷകന്മാർ വിലാസം, ബാങ്ക് അക്കൗണ്ട്, ടെലഫോൺ, ഇ-മെയിൽ എന്നിവയിൽ വ്യത്യാസം വന്നിട്ടുള്ളവർ ഉടൻ അറിയിക്കുക.

**സെക്രട്ടറി**
**കെ.ഇ.എം. ഫണ്ട്,**
**പി.ഒ. ബോക്സ് 38,**
**കുമ്പനാട് 689 547.**

# പുതുതലമുറയെ വാർത്തെടുക്കുക : രാജു കെ.തോമസ്



**ഗ്വാളിയർ:** തകർന്ന ലോകത്തിൽ പുത്തൻ ദർശനം ഉൾക്കൊണ്ട ഒരു സമൂഹത്തെ വാർത്തെടുക്കുവാൻ സുവിശേഷകൻ ബാലസംഘം പ്രവർത്തകർക്കു കഴിയണം. അതിനുള്ള അദ്ധ്വാനവും സമർപ്പണവും നമ്മുടെ പ്രവർത്തന മേഖലയിൽ നാം കാഴ്ച വയ്ക്കണം. ബ്രദർ രാജു കെ. തോമസ് ഓർമ്മിപ്പിച്ചു. ഗ്വാളിയറിൽ വടക്കേ ഇന്ത്യൻ പ്രാദേശീക ഭാഷാ പ്രവർത്തകർക്കായി നടത്തിയ ത്രിദിന ക്യാമ്പിൽ സമാപന സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

ഭാരതത്തെ ക്രിസ്തുവിനായി നേടുവാൻ തെരഞ്ഞെടുക്കപ്പെട്ടവരാണ് നമ്മൾ. ഗിദയോൻ ധൈര്യവും സമർപ്പണവുമുള്ള മുന്നൂറ് യിസ്രായേല്യരെയാണ് ശത്രുക്കളെ പരാജയപ്പെടുത്തുവാൻ ഉപയോഗിച്ചത്. വാളും കുന്തവും രഥവും ഒന്നുമില്ലാതെ അവർ വിജയം നേടുകയുണ്ടായി. സമാന അനുഭവമാണ്

➡ 3...

## എഡിറ്റോറിയൽ

# ലക്ഷ്യം നഷ്ടപ്പെടരുത്

ബ്രദറുകാർ ക്വാണ്ടിറ്റിയിലല്ല ക്ലാളിറ്റിയിലാണ് തൃപ്തിപ്പെടുന്നത്. സഭയിൽ വിശ്വാസികളുടെ എണ്ണം കൂടുതലോ കുറവോ എന്നത് പലരേയും ഭാരപ്പെടുത്താറില്ല. വളർച്ചയുണ്ടാകുന്നില്ലെങ്കിൽ ദൈവത്തിന്റെ ഹിതം എന്ന് സമാശ്വസിക്കാനും നാം പരിശീലിച്ചിട്ടുണ്ട്.
സുവിശേഷം അറിയിക്കുകയും അതിലൂടെ ആത്മാക്കളെ നേടുകയും സഭാപണി ത്വരിതപ്പെടുകയും ചെയ്യുക എന്ന ദർശനവും കാഴ്ച്ചപ്പാടും ഏതു കാലത്തെയുംകാൾ താഴ്ന്ന നിലയിലാണ്. പ്രവർത്തനങ്ങൾക്കുവേണ്ടി മാത്രം നടക്കുന്ന വേലകളാണ് ഏറെയും. വ്യക്തമായ ടാർജറ്റ് ഒന്നിനും പിന്നിലില്ല. എങ്ങനേയും സമയം പോക്കുക എന്ന സ്ഥിതി. ആത്മഭാരം കൈമോശം വന്ന ഒരു നേതൃനിരയെ എവിടേയും കണ്ടെത്താം. അങ്ങേ തീരത്തെ പ്രതിഫലവും പ്രശംസയും കീരിടവുമൊന്നും വിശ്വാസിയുടേയോ പ്രവർത്തകന്റേയോ ഉറക്കെ കെടുത്തുന്നില്ല. കർത്താവിന്റെ മടങ്ങിവരവിനെപ്പറ്റിയുള്ള ആകാംഷ കഴിഞ്ഞ തലമുറയിലെ വിശ്വാസികളോളം പോലുമില്ല. വരുന്നെങ്കിൽ വരട്ടെ എന്നായി മിക്കപേരുടേയും ചിന്ത. ദൈവഹിതത്തെ സംബന്ധിച്ചുള്ള പഠനങ്ങളും ധ്യാനങ്ങളും  വിശകലനങ്ങളും നടക്കുന്നുണ്ട്. പക്ഷേ ദൈവഹിതത്തിന് മുൻതൂക്കം നൽകി പ്രഥമസ്ഥാനത്ത് ദൈവത്തേയും ദൈവവചനത്തേയും പ്രതിഷ്ഠിക്കുവാൻ തയ്യാറാകുന്നില്ല. ആത്മീയ രംഗത്ത് വലിയ നഷ്ടം സംഭവിക്കുമെന്നാണ് ഇക്കൂട്ടർകരുതുന്നത്. ഏത് കുത്സിതമാർഗ്ഗവും അവലംബിച്ചും അധികാരം ഉറപ്പിക്കുക. ആരെയും തേജോവധം ചെയ്ത് താൻ മാത്രം മെച്ചമാണെന്ന് പൊതുവിനെ ധരിപ്പിക്കുക. ഏറ്റവും വില കുറഞ്ഞ  സംസ്കാരവുമായി ജീവിതം നയിക്കുക, ഉൾപ്പെട്ടു നിൽക്കുന്ന മേഖലകളെ ഇവ്വിധം വിഷലിപ്തമാക്കുകയാണ് ഒരു കൂട്ടർ. പിലാത്തോസും ഹേരോദാവും അന്നു മുതൽ സ്നേഹിതന്മാരായി തീർന്നു എന്നതുപോലെയുള്ള കൂട്ടായ്മാ ബന്ധം ആത്മീയമണ്ഡലങ്ങളിൽ വളരുകയാണ്. ഏതു ഹീനകൃത്യവും വിശുദ്ധമാകുന്നതും ന്യായീകരിക്കപ്പെടുന്നതും കുറ്റക്കാർ നീതിമാന്മാരാകുന്നതും ഇവരുടെ മാത്രം കോടതികളിലാണ്. വഷളനെ നിന്ദ്യനായി എണ്ണുകയും യഹോവാഭക്തനെ ബഹുമാനിക്കുകയും ചെയ്യാനുള്ള പ്രബോധനമാണ് നമുക്കുള്ളത്. പണത്തിന്റെ വളർച്ച ഗുരുതരമായ വിപത്തുകൾ വരുത്തിവച്ചിട്ടുണ്ട്. ദാരിദ്ര്യവും പട്ടിണിയും നിലനിന്ന കാലത്തെ വിനയവും താഴ്മയും സാഹോദര്യവും കൂട്ടായ്മയും വിശ്വാസവും ഇന്നുണ്ടോ? ദൈവാശ്രയം ഉണ്ടോ? തുച്ഛമായ വരുമാനവും കർതൃനാമ മഹത്വത്തിനായി ഒരു കാലത്ത് വിനിയോഗിച്ചിരുന്നു. ഇന്നോ? തങ്ങളോടൊപ്പം നില്ക്കുവാൻ പണമെറിയുന്നവർ, തങ്ങളുടെ ആശയങ്ങളെ പ്രചരിപ്പിക്കുവാൻ പണം ഉപയോഗിക്കുന്നവർ, എതിരാളികളെ അപായപ്പെടുത്താനും അപകീർത്തിപ്പെടുത്താനും പണം വാരിയെറിയുന്നവർ, ഒപ്പം നിൽക്കുന്നില്ല എന്ന കാരണത്താൽ ആത്മികശുശ്രൂഷയിൽനിന്നും വിശ്വാസസമൂഹത്തിൽനിന്നും പിഴുതെറിയുവാൻ വ്യാജകത്തുകൾ തയ്യാറാക്കിയും ആയിരക്കണക്കിന് കോപ്പികൾ ഫോട്ടോസ്റ്റാറ്റ് എടുത്തും ജോലിക്കാരെ കൂലിക്ക് വച്ച് കവർ ഒട്ടിച്ചും തപാൽസ്റ്റാമ്പ് പതിപ്പിച്ചും വിവിധ പോസ്റ്റോഫിസുകളിൽ നിക്ഷേപിച്ചുകൊണ്ടിരിക്കുന്ന കത്തുകൾ കർത്താവ് പറഞ്ഞിട്ടു അയയ്ക്കുന്നവയാണോ? മനസാക്ഷി എന്ന ഒന്ന് ഉണ്ടോ? കണക്കു ചോദിക്കുന്ന യജമാനന്റെ മുന്നിൽ നമുക്ക് ധൈര്യം ഉണ്ടായിരിക്കുമോ? മനുഷ്യർ പറയുന്ന ഏതു നിസാര വാക്കിനും ന്യായവിധി ദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടി വരുമെന്ന വചനം പലരും കണക്കിലെടുക്കുന്നില്ല, വിശ്വസിക്കുന്നുമില്ല. പക്ഷേ ആ വചനത്തിന് മാറ്റം വരികയില്ല. ആകാശവും ഭൂമിയും മാറിപ്പോയാലും.
ദൈവവചനത്താലും പരിശുദ്ധാത്മാവിനാലും ചിട്ടപ്പെടുത്തിയ ഒരു ജീവിതശൈലി മാത്രമായിരിക്കട്ടെ ഈ കാലത്തെ നമ്മുടെ ലക്ഷ്യം. അപരന്റെ ആത്മീകവും ഭൗമികവുമായ ജീവിതം നമ്മുടെ മാതൃകയാകരുത്. സാക്ഷികളുടെ വലിയ സമൂഹം നമുക്കു ചുറ്റും ഉണ്ടെങ്കിലും വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ ധ്യാനിക്കുക; അവനെത്തന്നെ നോക്കുക. ഓട്ടം സ്ഥിരതയോടെ ഓടുക. മറ്റാരുടേയും കണക്ക് അന്നാളിൽ കർത്താവ് നമ്മോട് ചോദിക്കയില്ല. ഭാര്യയുടെയോ, ഭർത്താവിന്റെയോ, മക്കളുടേതുപോലുമോ.

### ഈ മാസത്തേക്ക്...

#### കഷ്ടത്തിൽ ഒരു കോട്ട

ഭയങ്കരന്മാരുടെ ചീറ്റൽ മതിലിന്റെ നേരെ കൊടുങ്കാറ്റുപോലെ അടിക്കുമ്പോൾ, നീ എളിയവന് ഒരു ദുർഗവും ദരിദ്രന് അവന്റെ കഷ്ടത്തിൽ ഒരു കോട്ടയും കൊടുങ്കാറ്റിൽ ഒരു ശരണവും ഉഷ്ണത്തിൽ ഒരു തണലും ആയിരിക്കുന്നു. യെശയ്യാവ് 25:4

## ദേവിന്റെ മടങ്ങിവരവ് : പ്രതികരണങ്ങൾ

### മടങ്ങിവന്ന ജെ.സി ദേവിന് അനുമോദനം

എട്ട് വർഷത്തെ ഇടവേളയ്ക്ക് ശേഷം മടങ്ങി ബ്രദറൺ പ്രസ്ഥാനത്തിലേക്കും ബ്രദറൺ ആത്മീയ സമൂഹത്തിലേക്കും മടങ്ങി വന്ന സഹോ. ദേവിന് അനുമോദനങ്ങൾ കൂട് വിട്ടലയുന്ന പക്ഷിയും നാടു വിട്ടുഴലുന്ന മനുഷ്യനും ഒരു പോലെ സദൃ. 27: 8
അലയുന്നു ഉഴലുന്ന അവസ്ഥയിൽനിന്നും ഒരു സുരക്ഷിത്വം ലഭിച്ചതിൽ അനേകരും സന്തോഷിക്കുന്നു എന്നതിനും സംശയമില്ല.
ബ്രദറൺ സമൂഹത്തെയും ഉപദേശസംഹിതകളെയും തള്ളപ്പറഞ്ഞ്, പാറ്റിക്കളഞ്ഞ്, പെന്തക്കോസ്തിൽ ആത്മീയ ആനന്ദനിർവൃതി കണ്ടെത്തിയതും അബദ്ധം പിണഞ്ഞതാണെന്ന് ലോകം അറിയട്ടെ. ഉൾപൂവുകളെ ശോധന ചെയ്യുവന്നവന്റെ മുമ്പാകെ സകലവും നഗ്നവും മലർന്നുതുമായി കിടക്കുന്നു.
2006 ലെ ദേവിന്റെ പെന്തക്കോസ്തു പ്രവേശനത്തെ വിപുലമായി ആഘോഷിച്ച് ബ്രദറൺ സമൂഹത്തെ വിവിധനിലകളിൽ തേജോവധം ചെയ്തു നിർമ്മൂലമാക്കുവാൻ ശ്രമിച്ച പെന്തക്കോസ്തു നേതാക്കന്മാരും മാധ്യമങ്ങളും തുടർന്നും അവരുടെ വചനവിരുദ്ധമായ ചിന്താഗതകളുടെ തീ ആളിക്കത്തിക്കും എന്ന് പ്രതീക്ഷിക്കുന്നു. പക്ഷേ ആയുധമാക്കുവാൻ ദേവ് ഇല്ല എന്ന് മാത്രം...
ഭാവിയിലും മനുഷ്യരുടെ ആയുധമാകാതിരിക്കട്ടെ...

**തോമസ് മത്തായി, ആനിക്കാട്**

### തിരികെയെത്തിയതിൽ സന്തോഷം

ക്രൈസ്തവ കേരളത്തിൽ തനതായ മുദ്ര പതിപ്പിച്ച വ്യക്തിയാണ് ദേവ് സാർ. അദ്ദേഹത്തിന്റെ പുസ്തകങ്ങൾ അതിനു തെളിവാണ്. ഇനിയുള്ള കാലം അദ്ദേഹം എഴുത്തും വായനയും ഒക്കെ നടത്തി വേർപാടു സമൂഹത്തിന്റെ സന്തോഷത്തിനും നിലനിൽപ്പിനും വേണ്ടി പ്രവർത്തിക്കട്ടെ.

**എ.ദാസ്, തിരുവനന്തപുരം**

### എന്തുകൊണ്ട് പോയി? എന്തുകൊണ്ട് മടങ്ങി?

ജെ. സി. ദേവ് ബ്രദറൺ കൂട്ടായ്മ എന്തുകൊണ്ട് വിട്ടു? മുപ്പതോളം വർഷങ്ങളുടെ ബന്ധമല്ലായിരുന്നുവോ അത്. ഇപ്പോൾ മടങ്ങി വന്നിരിക്കുന്നു. പ്രശ്നങ്ങൾ എല്ലാം പരിഹരിച്ചാണോ തിരികെ എത്തിയത്? സഭ സ്വതന്ത്രമാണെന്നതു കൊണ്ട് വചന സത്യങ്ങളെ അവഗണിക്കാൻ സാധിക്കുമോ?

**ബിനോയ് കുര്യൻ, കോട്ടയം**

### ആർക്കും ഭീഷണിയില്ല

ദേവിന്റെ മടങ്ങിവരവുകൊണ്ട് ബ്രദറൺ സഭയിലെ പ്രസംഗകർക്കും എഴുത്തുകാർക്കും സുവിശേഷകന്മാർക്കും ഒരു ഭീഷണിയും ഉണ്ടെന്ന് പറയാൻ കഴിയില്ല. അദ്ദേഹത്തിന് സ്വന്തം വഴിയേ സഞ്ചരിക്കാം. പെന്തക്കോസ്തിലേയ്ക്ക് ചെന്ന തനിക്ക് അവിടെയും ഒരു പ്രശ്നക്കാരനാകേണ്ടി വന്നില്ലല്ലോ!

**ജോസ് കെ. ജോർജ്ജ്, അങ്കമാലി**

### മുൻവാതിലിലൂടെ അകത്തു വരിക

ബ്രദർ ദേവ് മടങ്ങി വന്നതിനെ എതിർക്കുന്നില്ല. പക്ഷേ മുൻവാതിലിലൂടെ വരണമായിരുന്നു. ചേത്തക്കൽ സഭയുമായുള്ള അഭിപ്രായ ഭിന്നതകൾ രമ്യമായി പരിഹരിച്ച് ഒരുമിച്ച് ആരാധിച്ചും അപ്പം നുറുക്കിയും മടങ്ങി വന്നിരുന്നെങ്കിൽ നന്നായിരുന്നു. ഇത് പിൻവാതിൽ പ്രവേശനം പോലെയായി.

**ജോമോൻ തോമസ്, കോട്ടയം**

### അനുരഞ്ജനം നേടണം

ബ്രദർ ജെ. സി. ദേവ് ബ്രദറൺ സഭാകൂട്ടായ്മയിലേയ്ക്ക് മടങ്ങി വന്നു എന്ന് ക്രിസ്തീയ ദർശനത്തിലൂടെ വായിച്ചറിഞ്ഞു. സ്ഥലംസഭ സ്വതന്ത്രമാണെങ്കിലും ചേത്തക്കൽ സഭയുമായി നിലവിലുണ്ടായിരുന്ന അഭിപ്രായ ഭിന്നത പരിഹരിച്ചു വേണം അദ്ദേഹം കൂട്ടായ്മാബന്ധത്തിൽ തുടരുവാൻ. അത് വചനത്തിന്റെ ന്യായമായ കീഴ്വഴക്കമാണ്. **റ്റി. ജെയിംസ്, റാന്നി.**

### ഉപദേശ കാര്യങ്ങളിൽ ഉറപ്പു വേണം

പെന്തക്കോസ്തരുടെ ഏതുകാലത്തെയും ശത്രുക്കളാണ് ബ്രദറൺകാർ. സഹോദര സഭകളെന്ന് വേദിയിലൊക്കെ പറഞ്ഞു എന്നു വരും. അവസരം വരുമ്പോൾ അവർ തനിനിറം പുറത്തു കാട്ടാറുണ്ട്. ദേവ് ഉപദേശ കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതുണ്ട്. ഏതു ശരി? ഏതു തെറ്റ്? തന്റെ എഴുത്തുകളിലൂടെയും പ്രസംഗങ്ങളിലൂടെയും വേർപാടുകാർ കാത്തിരിക്കുന്നു.

**അലക്സ് മാത്യു, കോതമംഗലം**

### റാന്നി കൺവൻഷൻ നവം. 4–9 വരെ

**റാന്നി.** 2014 ലെ റാന്നി കൺവൻഷൻ ഇട്ടിയപ്പാറ ബ്രദറൺ ഓഡിറ്റോറിയത്തിൽ നവംബർ 4 മുതൽ 9 വരെ നടക്കും. ചാണ്ടപ്പിള്ള ഫിലിപ്പ്, റ്റി. പി. കനകരാജ്, പി. കെ. തോമസ്, ഷാലു റ്റി. നൈനാൻ, പി. ജി. ജയിംസ്, ദാനിയേൽ വർഗീസ് എന്നീ സഹോദരന്മാർ വചനം ശുശ്രൂഷിക്കും. മെയ്, സെപ്റ്റംബർ മാസങ്ങളിലെ സംയുക്ത സഭായോഗങ്ങളിൽ സജീവ് വർഗീസും വർഗീസ് തോമസും പ്രസംഗിക്കും

## 1... ➡ എം.എം. ആധുനിക മൊർദ്ദേഖായി:

നടത്തിയ അന്വേഷണ യാത്ര സദസ്സിന് കൗതുകം പകർന്നു. ആധുനിക കാലഘട്ടത്തിൽ മിക്കപേർക്കും അജ്ഞാതമായിരുന്ന എം.എം. ചരിത്രം ഒരളവോളം പ്രദർശിപ്പിക്കുവാൻ തനിക്ക് കഴിഞ്ഞു.
എം.എം. ഒരു ദുരുപദേശഖണ്ഡകൻ എന്ന പ്രബന്ധം ലിജോ വർഗ്ഗീസ് അവതരിപ്പിച്ചു. യഹോവാസാക്ഷികൾക്കും ശാബദുകാർക്കും സിലോൺ പെന്തെക്കോസ്തു, യാക്കോബായ വിഭാഗങ്ങൾക്കും എതിരേ പുതുപ്പള്ളി, വാകത്താനം, കറുകച്ചാൽ, മുളന്തുരുത്തി. തിടനാട്, പ്ലാപ്പള്ളി തുടങ്ങിയ ഒട്ടേറെ സ്ഥലങ്ങളിൽ നടത്തിയ സംവാദങ്ങളും വിജയാഘോഷവും അദ്ദേഹം ചരിത്രത്തിൽ നിന്നും കണ്ടെത്തിയിരുന്നു.
പ്രവചന പ്രഭാഷകനായ എം. എം.നെ ജോൺ സെബാസ്റ്റ്യനും സഹോദര പുത്രനായ സുവി. സജീവ് വർഗ്ഗീസ് “ഞാൻ അറിയുന്ന അപ്പച്ചൻ” നേയും പരിചയപ്പെടുത്തി. ബി.എസ്.പി.എസ്. ഫലകം ബ്രദർ കെ.എം. ജോൺ ഫ്ളോറിഡ സമ്മാനിച്ചു. ബ്രദർ കെ.വി. കോശിയും പ്രത്യേക ഫലകം സമ്മാനിച്ചു. പി. എ. എബ്രഹാം മാലം, എം.എം.നെ സമർപ്പിച്ച് സ്തോത്രം ചെയ്ത് പ്രാർത്ഥിച്ചു. ആദരപൂർവ്വം വലിയ സദസ്സ് എഴുന്നേറ്റുനിന്നു ദൈവത്തിന് മഹത്വം കരേറ്റി.
സ്തോത്ര ശുശ്രൂഷയിൽ റോയി മീമ്പാറ, ജോണി തോമസ്, വർഗ്ഗീസ് തോമസ്, ചാൾസ് ജോൺ, എം.ഇ. രാജപ്പൻ, ഒ.ജെ. ജോൺ, ബിനു മാത്യു എന്നിവർ സ്തോത്രാർപ്പണം. ബൈബിൾ സൊസൈറ്റി കേരള ഘടകം സെക്രട്ടറിയും അയൽവാസിയുമായ ഡോ. മാത്യു വർക്കി, കെ.എ. ഫിലിപ്പ്, പി.ഇ. സാംകുട്ടി, തോമസ് ചാണ്ടി, എബ്രഹാം തോമസ്, ജോർജ്ജ് പീറ്റർ, പള്ളം വർഗ്ഗീസ്, സി.എം. ദാനിയേൽ, സാം സഖറിയ എന്നിവർ ആശംസകൾ അർപ്പിച്ചു.
പുതുപ്പള്ളി സഭയുടെ ആത്മാർത്ഥ സഹകരണം ശുശ്രൂഷകൾക്കുണ്ടായി. കോര ഐപ്പ്, കെ.കെ. കോര, കെ.സി. സ്കറിയ എന്നിവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു.
സുവി. സി.റ്റി. ജോണിക്കുട്ടി പരിപാടികൾക്ക് നേതൃത്വം നൽകി. ബി.എസ്.പി.എസ്. സെക്രട്ടറി എം.വി. ബാബു സ്വാഗതവും ഷാജി ചീങ്കയിൽ റിപ്പോർട്ടും എസ്. സൻജീവി കൃതജ്ഞതയും പറഞ്ഞു. ബി.എസ്.പി.എസ്. ഒരുക്കിയ സ്നേഹവിരുന്നോടെ സമാപിച്ചു. കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നായി സുവിശേഷകന്മാരും സഹോദരീ സഹോദരന്മാരും അടങ്ങിയ വലിയകൂട്ടം വിശ്വാസികൾ പങ്കെടുത്തു. ആഗോള ബ്രദറൺ സമൂഹത്തോടും ബി. എസ്. പി. എസിനോടും പങ്കെടുത്ത എല്ലാവരോടും വേർപാടുകാരുടെ കറിയാച്ചന്റെ നന്ദി പ്രകാശിപ്പിച്ചു. ആത്മദർശനവും ദൈവഭയവുമുള്ള ഒരു സമൂഹമായി നിലനിൽക്കുവാൻ ബ്രദറൺ സമൂഹത്തെ അദ്ദേഹം ആഹ്വാനം ചെയ്തു.

ക്രിസ്തീയ ദർശനം CHRISTHEEYA DARSANAM
ചീഫ് എഡിറ്റർ **വർഗീസ് തോമസ്** | മാനേജിങ് എഡിറ്റർ **നിനോ കെ. തോമസ്**
റസിഡന്റ് എഡിറ്റർ **ഫെബിൻ ജോൺസ്**
എഡിറ്റോറിയൽ ബോർഡ് **ജേക്കബ് സാം, എം. കെ. തോമസ് ലിജോ വർഗീസ് പാലമറ്റം, ജോസഫ് മാത്യു, ജോസഫ് പുന്നൂസ്**
പ്രസാധകൻ **രാജു കെ. തോമസ്** | അഡ്വൈസറി ബോർഡ് **ജോർജ്ജ് പീറ്റർ പ്രൊഫ. മാത്യൂസ് എബ്രഹാം, സി. പി. അനിയൻ, ജോൺസൻ പി. സാം**

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM



# മതമേതായാലും മനുഷ്യൻ നന്നാവുന്നില്ല

ബ്രക്സി കേവി

ദൈവത്തെ തേടുന്ന മനുഷ്യർ എത്തിപ്പെടുന്നത്, വിവിധതരം ആത്മീയതകൾ നിരത്തിവച്ചിരിക്കുന്ന ഒരു ബുഫെ തീറ്റ മേശയുടെ മുമ്പിലാണ്. പോകുന്ന വഴിയേ ഇഷ്ടമനുസരിച്ച് ആവശ്യത്തിനുള്ളത് പ്ലേറ്റിലെടുക്കാം.

എന്നാൽ ഭക്ഷണകാര്യത്തിൽ സംഭവിക്കുന്നത്, വിശ്വാസകാര്യത്തിൽ ശരിയാകണമെന്നില്ലല്ലോ. നിരീക്ഷണങ്ങളിൽ സൂക്ഷ്മതയോ, സ്ഥിരതയോ ഇല്ലാതെ, ആൾ ദൈവങ്ങൾ മുതൽ ആഭിചാരക്രിയകൾ വരെ പരീക്ഷിക്കുന്ന ഇത്തരം രുചി നോട്ടങ്ങൾ ക്രമേണ മടുപ്പുളവാക്കുന്നതായി മാറും. അത്തരക്കാരുടെ തടി ചീർത്തിരിക്കുമെങ്കിലും, കലോറി ഇല്ലാത്തത് കഴിച്ച് കഴിച്ച്, പോഷകാഹാരക്കുറവുകൊണ്ട് ക്ഷീണിച്ചവരായിരിക്കും ഇത്തരം ആത്മീയാന്വേഷകർ.

ഇങ്ങനെ മതങ്ങളെയും അതിനു പകരമുള്ള മറ്റു സംവിധാനങ്ങളെയും അന്വേഷിച്ചും പരീക്ഷിച്ചും അവശരായ നമ്മെപോലുള്ളവരെ നോക്കിയാണ് യേശു ഇപ്രകാരം ആഹ്വാനം ചെയ്യുന്നത്, അദ്ധ്വാനിക്കുന്നവരെ, ഭാരം വഹിക്കുന്നവരെ എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്ക് ആശ്വാസം തരും. എന്റെ നുകം ഏറ്റുവാങ്ങി എന്നിൽ നിന്നും പഠിക്കൂ .

വ്യത്യസ്തമായ ഏതെങ്കിലും ഒരു പുതിയ മതത്തിലേക്കല്ല ക്രിസ്തു ഇവിടെ വിരൽചൂണ്ടുന്നത്. മതത്തിന്റെ മടുപ്പിക്കുന്ന വഴികൾക്ക് പകരമായി യേശു നമ്മെ സ്വാഗതം ചെയ്യുന്നത് തന്നിലേക്കു തന്നെയാണ്. എത്ര ഉറപ്പും ആർജ്ജവുമാണ് ആ വിളിക്ക്! എന്റെ അടുക്കൽ വരിക. അങ്ങനെ ഒരു ആഹ്വാനം ലോക ചരിത്രത്തിൽ മറ്റാരിൽനിന്നും കേട്ടിട്ടില്ല.

യേശുവിന്റെ എല്ലാ ഉപദേശങ്ങളുടെയും സത്ത ഈ പ്രസ്താവനയിലുണ്ട്. യേശുവിനെ മറ്റെല്ലാവരിൽനിന്നും തികച്ചും വ്യത്യസ്തനാക്കുന്നത് അവിടുത്തെ നിസ്തുലമായ ഈ നവീന സമീപനമാണ്. ഏതെങ്കിലും വഴി ചൂണ്ടിക്കാണിച്ച് അതിലെ പോവുക എന്നു പറയാതെ, ഞാൻ തന്നെ വഴി, എന്നിലേക്ക് വരിക എന്ന് എല്ലാവരെയും ആഹ്വാനം ചെയ്യുന്ന വ്യക്തിപരതയാണ് യേശുവിന്റെ വ്യത്യസ്തത. യേശു മനുഷ്യനായി അവതരിച്ച്, വ്യക്തിപരമായി നമ്മുടെ അരികിലേയ്ക്ക് വരുന്ന ദൈവം തന്നെയെങ്കിൽ, ആത്മീയ അന്വേഷണം തുടരുന്ന മനുഷ്യസമൂഹത്തിന് ശരിയായ ദിശാബോധം നൽകുക എന്നതായിരിക്കുമല്ലോ അവിടുത്തെ അതിപ്രധാനമായ അവതാരോദ്ദേശ്യം.

ദൈവത്തിൽ എത്തിച്ചേരുവാനുള്ള നമ്മുടെ ത്വരയെ ശമിപ്പിക്കാൻ, മതങ്ങൾ നിർദ്ദേശിക്കുന്ന കഠിനമായ പരിശ്രമങ്ങൾ അപര്യാപ്തങ്ങളാണെന്ന് കാലാകാലങ്ങളായി വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ജീവിതത്തിലെ പ്രാരാബ്ദങ്ങൾ കൊണ്ട് പ്രയാസപ്പെട്ടിരിക്കുന്ന മനുഷ്യന്റെ മുതുകിൽ കൂടുതൽ ഭാരം കയറ്റിവെക്കുകയാണ് വാസ്തവത്തിൽ മതം ചെയ്തുകൊണ്ടിരിക്കുന്നത്. എന്നാൽ യേശു വാഗ്ദാനം ചെയ്യുന്നത് നമ്മൾ തേടിക്കൊണ്ടിരിക്കുന്ന കാര്യം തന്നെയാണ് – ആത്മാവിന്റെ സുഖം, സ്വസ്ഥത!

> അതിക്രമങ്ങളും പാപവും ആടിത്തിമിർക്കുന്ന ഈ ലോകത്തിന്റെ കറപുരണ്ട മനഃസാക്ഷിക്കു മുമ്പിൽ, സ്നേഹസംപൂർണ്ണതയുടെയും വിശുദ്ധിയുടെയും ലാളിത്യത്തിന്റെയും സത്യത്തിന്റെയും നീതിയുടെയും ജീവശോഭയായി യേശുക്രിസ്തു നിറഞ്ഞുനിൽക്കുന്നു. കൃത്രിമമായ നിഗൂഢതകളും വിഹ്വലതകളും ചമച്ച് യേശുവിനെ സ്വഭാവഹത്യ ചെയ്യുന്നവരുടെ ക്രൂശീകരണങ്ങൾ അവിടുത്തെ തേജസ്സിന്റെ പ്രഭയെ കെടുത്തുന്നില്ല. കാരണം സകല ലോകത്തിന്റെയും പാപത്തെ ചുമലിലേറ്റി ക്രൂശിതനായവന്റെ സ്നേഹം അവിടുത്തേക്കെതിരെയുള്ള മനുഷ്യന്റെ ഏറ്റവും നിന്ദ്യമായ പ്രവർത്തികളെപ്പോലും അതിജീവിക്കുന്നതാണ്. മനുഷ്യവർഗ്ഗത്തിന്റെ ആത്യന്തിക ശത്രുവായ മരണത്തെ ജയിച്ച് ഉത്ഥാനം ചെയ്ത ക്രിസ്തു, ദൈവരാജ്യത്തിന്റെ സിംഹാസനം തന്നിൽ വിശ്വാസമർപ്പിക്കുന്നവരുടെ ഹൃദയങ്ങളിൽ പ്രതിഷ്ഠിക്കുന്നു.

യേശുവിന്റെ ഈ ക്ഷണം നമ്മൾ ഓരോരുത്തരെയും ഉദ്ദേശിച്ചുള്ളതായതുകൊണ്ട്, ആ വാക്കുകൾ ഒന്നുകൂടെ ഠവല ങലമൈഴല എന്ന മറ്റൊരു വിവർത്തനത്തിൽ നിന്ന് വായിക്കാം. കേവലം വായിക്കുക എന്നതിനേക്കാൾ, മനുഷ്യ ഹൃദയത്തിന്റെ ആഴത്തിൽ നിലനിൽക്കുന്ന അഭിവാഞ്ചയെ ശമിപ്പിക്കാൻ കഴിയുന്ന ഈ വാക്കുകളെ പാഠം ചെയ്യുകയാണ് വേണ്ടത്. അതിന് ഈ വിവർത്തനം നിങ്ങളെ സഹായിക്കും;

നിങ്ങൾ ക്ഷീണിച്ചിരിക്കുന്നുവോ? ശക്തിയെല്ലാം ക്ഷയിച്ചുപോയോ? മതത്തെ അനുസരിച്ചും പിൻപറ്റിയും വലഞ്ഞുപോയോ? എന്റെ അടുക്കൽ വരൂ. എന്താണ് ശരിയായ വിശ്രമം എന്ന് ഞാൻ കാട്ടിത്തരാം. എന്റെ കൂടെ നടന്ന് ഞാൻ ചെയ്യുന്നത് നോക്കി ചെയ്യുക. ബലപ്രയോഗമില്ലാത്ത കൃപയുടെ താളം പഠിക്കുക. നിങ്ങൾക്ക് വയ്യാത്തതും ചേരാത്തതുമായ യാതൊന്നും ഞാൻ നിങ്ങളുടെ മേൽ വയ്ക്കുകയില്ല. എന്റെ കൂടെ കൂടിയാൽ എങ്ങനെ ലഘുവായും സ്വതന്ത്രമായും ജീവിക്കാമെന്ന് പഠിക്കാം (മത്തായി 11:28130 ങടഏ). യേശു വാഗ്ദാനം ചെയ്യുന്ന സ്വസ്ഥതയാണ് നമുക്കു വേണ്ടത്; ബലപ്രയോഗമില്ലാതെ കൃപയുടെ താളം നാം പഠിക്കണം.

വിശ്രമമാണ് യേശു നമുക്ക് വാഗ്ദാനം ചെയ്യുന്നതെങ്കിലും എന്റെ നുകം ഏറ്റുകൊള്ളുക എന്നാണ് പറഞ്ഞിട്ടുള്ളതെന്ന് ശ്രദ്ധിക്കണം. അല്ലാതെ എന്റെ ചാരുകസേരയും കുഷ്യനും എടുത്തോളൂ എന്നല്ല. അതെ, വിശ്രമം തന്നെയാണ് യേശു വാഗ്ദാനം ചെയ്തിരിക്കുന്നത്. എന്നാലത് നമ്മുടെ സങ്കൽപ്പത്തിലുള്ള കേവലം അലസ വിശ്രമമല്ല. പകരം ക്രിയാത്മകവും സൃഷ്ടിപരവും സജീവവുമാണ്. നിലം ഉഴുവാനുള്ള കലപ്പയോ, അല്ലെങ്കിൽ ഒരു വണ്ടിയോ വലിക്കുവാൻ മൃഗങ്ങളുടെ മേൽ വയ്ക്കുന്ന ഉപകരണമാണ് നുകം. അത് ഒരു പ്രവൃത്തിയുടെ അടയാളമാണ്, പ്രത്യേകിച്ചും സഹകരണ സ്വഭാവമുള്ള പ്രവർത്തിയുടെ ചിഹ്നം. മിക്കവാറും രണ്ട് കാളകൾ ഒരു നുകത്തിനു കീഴെ ടീമായി പ്രവർത്തിക്കുന്നത് കൊണ്ടാണ് സഹകരണ സ്വഭാവം എന്ന് ഉദ്ദേശിച്ചത്. യേശുവിന്റെ ഈ ചിത്രീകരണത്തിന്റെ ഒരു സവിശേഷതയും അത് തന്നെ ആയിരിക്കും. ക്രിസ്തുവും നമ്മോടൊത്ത് പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നു. മാത്രമല്ല, പങ്കുവെയ്ക്കുകയും പങ്കുചേരുകയും ചെയ്യുന്നതിലൂടെയാണ് ആത്മീയ പുരോഗതിയിൽ മുന്നേറുന്നത് എന്നും ഈ നുകചിത്രം സൂചിപ്പിക്കുന്നു. രണ്ട് നിലയിലും യേശുവിന്റെ സന്ദേശം വ്യക്തമാണ്. ക്രിസ്തുവിനോട് ചേർന്നുള്ള ജീവിത പാഠങ്ങളിൽ അദ്ധ്വാനത്തിനും സ്ഥാനമുണ്ട്. പക്ഷെ അത് സക്രിയവും സൃഷ്ടിപരവും ലക്ഷ്യ ബോധവുമുള്ള അദ്ധ്വാനമായിരിക്കും. ക്രിസ്തുവുമായി സഹകരിച്ചുള്ള ഈ അദ്ധ്വാനം ഉത്തരവാദിത്വത്തിന്റെ ഭാരത്തിന് പകരം, ലാഘവത്വത്തിന്റെ ആശ്വാസമാണ് സൃഷ്ടിക്കുന്നത് - ഏദൻ തോട്ടത്തിലെ നാളുകൾ പോലെ (ഉൽപത്തി. 2:15).

യേശു എന്നാൽ ക്രിസ്തുമതം എന്ന് ധരിച്ചുപോയവരോട് പറയട്ടെ, ഞാനുദ്ദേശിക്കുന്നത് മനുഷ്യപുത്രനായ ക്രിസ്തുവിനെയാണ്. മതമില്ലാത്ത യേശു! എല്ലാ മതങ്ങൾക്കും അതീതനായി നിന്നുകൊണ്ട്, എല്ലാവർക്കും ഒരുപോലെ വെളിച്ചം നൽകുന്ന യേശു. സത്യസന്ധമായ നിങ്ങളുടെ ആത്മീയാന്വേഷണത്തിന്, ജീവസുറ്റ മാർഗ്ഗ നിർദ്ദേശം നൽകുന്ന ക്രിസ്തു. സംഘടിത മതങ്ങളോട്, വിശിഷ്യ ക്രിസ്തു മതത്തോട് വിരോധം വച്ചു പുലർത്തുന്നവർ പോലും, ചരിത്രത്തിലെ ക്രിസ്തുവിനോട് ഹൃദയപൂർവ്വമായ ഒരടുപ്പം സൂക്ഷിക്കുന്നു എന്നത്, എന്റെ ഗവേഷണത്തിന് ഔത്സുക്യം പകർന്ന വസ്തുതയാണ്. ദൈവത്തെ സംബന്ധിച്ച് അവർക്കുള്ള സ്വന്തം ആശയങ്ങൾക്ക് അനുസരണമായി അത്തരക്കാർ യേശുവിനെ സങ്കൽപ്പിച്ചേക്കാം. എന്നാലും സാരമില്ല, യേശുവിനെ സ്വന്തം ജീവിതത്തിലേക്ക് എങ്ങനെയും സ്വാംശീകരിക്കാനുള്ള അവരുടെ ആഗ്രഹത്തെയാണല്ലോ അത് തെളിയിക്കുന്നത്. ലോകചരിത്രത്തിലെ ഈ വിശിഷ്ട വ്യക്തിത്വം, അവരുടെ ഹൃദയമിടിപ്പിന്റെ ഭാഗമായതുപോലെയുള്ള ഒരനുഭവമാണ്. എന്തുകൊണ്ട് യേശു ഇത്രയധികം വായിക്കപ്പെടുന്നു? ലോകമെങ്ങും സൃഷ്ടിക്കപ്പെടുന്ന ഐതിഹ്യങ്ങളിലും നോവലുകളിലും കഥകളിലും കവിതകളിലും ഒരു ക്രിസ്ത്വാവബോധം നിർണ്ണായക ഘടകമായിത്തീരാറുള്ളതിന് കാരണമെന്ത്? നിങ്ങൾ ഈ ലേഖനം വായിക്കുന്നതെന്തുകൊണ്ട്? യേശുവിൽ അന്തർലീനമായിരിക്കുന്ന അലൗകികമായ ആകർഷകത്വം. അല്ലാതെ എന്താണ്?

അതിക്രമങ്ങളും പാപവും ആടിത്തിമിർക്കുന്ന ഈ ലോകത്തിന്റെ കറപുരണ്ട മനഃസാക്ഷിക്കു മുമ്പിൽ, സ്നേഹസംപൂർണ്ണതയുടെയും വിശുദ്ധിയുടെയും ലാളിത്യത്തിന്റെയും സത്യത്തിന്റെയും നീതിയുടെയും ജീവശോഭയായി യേശുക്രിസ്തു നിറഞ്ഞുനിൽക്കുന്നു. കൃത്രിമമായ നിഗൂഢതകളും വിഹ്വലതകളും ചമച്ച് യേശുവിനെ സ്വഭാവഹത്യ ചെയ്യുന്നവരുടെ ക്രൂശീകരണങ്ങൾ അവിടുത്തെ തേജസ്സിന്റെ പ്രഭയെ കെടുത്തുന്നില്ല. കാരണം സകല ലോകത്തിന്റെയും പാപത്തെ ചുമലിലേറ്റി ക്രൂശിതനായവന്റെ സ്നേഹം അവിടുത്തേക്കെതിരെയുള്ള മനുഷ്യന്റെ ഏറ്റവും നിന്ദ്യമായ പ്രവർത്തികളെപ്പോലും അതിജീവിക്കുന്നതാണ്. മനുഷ്യവർഗ്ഗത്തിന്റെ ആത്യന്തിക ശത്രുവായ മരണത്തെ ജയിച്ച് ഉത്ഥാനം ചെയ്ത ക്രിസ്തു, ദൈവരാജ്യത്തിന്റെ സിംഹാസനം തന്നിൽ വിശ്വാസമർപ്പിക്കുന്നവരുടെ ഹൃദയങ്ങളിൽ പ്രതിഷ്ഠിക്കുന്നു.

മതനിബന്ധനകളുടെ ബന്ധനങ്ങളിൽ നിന്ന് മോചനം പ്രാപിച്ച്, യേശു ആഹ്വാനം ചെയ്യുന്ന സ്വാതന്ത്ര്യവും വിശ്രമവും കണ്ടെത്തുന്നവരുടെ സംഖ്യ വളർന്നുവരുന്നത്, മനുഷ്യസമൂഹത്തെ സംബന്ധിച്ച് ശുഭകരമായ കാര്യമാണ്. ●



## 1... ➡

## പുതുതലമുറയെ വാർത്തെടുക്കുക :

ക്രിസ്തീയ പ്രവർത്തകരായ നമുക്കു വേണ്ടത്. അദ്ദേഹം കൂട്ടിച്ചേർത്തു.

നേപ്പാൾ, ബൂട്ടാൻ എന്നീ അയൽ രാജ്യങ്ങളിൽനിന്നും വടക്കേ ഇന്ത്യയിലെ 21 സംസ്ഥാനങ്ങളിൽ നിന്നുമുള്ള മുന്നൂറിലധികം പ്രവർത്തകർ ഫെബ്രുവരി 26 മുതൽ 28 വരെ നടന്ന ക്യാമ്പിൽ പങ്കെടുത്തു. പ്രാദേശീക സ്ഥലം സഭകളിൽ നിന്നായി നിരവധി സഹോദരീസഹോദരന്മാരും 2014 ലെ വി.ബി.എസ്. പരിശീലനം നേടി.

ഏബ്രഹാം തോമസ്, ജോൺസൺ സി. ഫിലിപ്പ്, സനീഷ് ചെറിയാൻ, ജോർജ് മട്ടയ്ക്കൽ, കെ. ഇ. ഏബ്രഹാം, ജോൺസൺ മാടപ്പള്ളി, വി. കെ. ഏബ്രഹാം, സാമുവേൽ ബി. തോമസ്, സാം മാത്യു, എ. സി. ജേക്കബ്, ഡോ. സുജിത് വില്യംസ്, പി. സാംസൺ തുടങ്ങിയ സഹോദരന്മാരും വിവിധ സെഷനുകളിൽ ക്ലാസ്സുകൾ എടുത്തു. എജിൻ പോൾ, ബഞ്ചമിൻ റോട്ടും ഗാനശുശ്രൂഷ നിർവ്വഹിച്ചു.



സി. റ്റി. ജോണിക്കുട്ടി
santhidooth@gmail.com

# വിവാഹത്തിൽ ദൈവം ഒളിപ്പിച്ച നിധി



അപ്പനും അമ്മയ്ക്കും സഹോദരങ്ങൾക്കും സ്നേഹിതർക്കും നികത്താനാവാത്ത ഒരു വിടവും ശൂന്യതയും പുരുഷന്റെയും സ്ത്രീയുടെയും ഉള്ളിലുണ്ട്. ആൾക്കൂട്ടത്തിനിടയിലും ഏകാന്തതയുടെ തുരുത്തിലാണ് മനുഷ്യൻ. ഒരു സ്ത്രീക്കു മാത്രം പരിഹരിക്കുവാൻ കഴിയുന്ന പ്രശ്നങ്ങളുമായാണ് പുരുഷജീവിതം. സ്ത്രീയോടുകൂടി മാത്രമേ പുരുഷൻ പൂർണ്ണനാകുന്നുള്ളൂ. സ്ത്രീയുടെ കാര്യവും മറിച്ചല്ല. ഇതു മനസ്സിലാക്കിയ ദൈവം ആദിമനുഷ്യരിൽ തന്നെ പരിഹാരവും കണ്ടെത്തി.

ദൈവഹൃദയത്തിന്റെ സ്നേഹസമ്മാനമാണ് ദാമ്പത്യം. മനുഷ്യന്റെയും പ്രകൃതിയുടെയും നിലനിൽപ്പിന് അത്യന്താപേക്ഷിതമായി ദൈവം കണ്ടെത്തിയ മാർഗ്ഗം. ഒട്ടേറെ നന്മകൾ ദാമ്പത്യത്തിൽ ദൈവം ഒളിപ്പിച്ചുവച്ചു. പങ്കിടീലിന്റെയും കരുതലിന്റെയും സ്നേഹത്തിന്റെയും ഉന്നതവേദിയാകുവാൻ കുടുംബത്തെക്കുറിച്ച് സ്ഥാപകൻ ആഗ്രഹിച്ചു.

ഓരോ മനുഷ്യജന്മവും പിറവിയെടുക്കും മുമ്പുതന്നെ അവന്റെ ആയുസ് രേഖയും ജീവിതവും ഭാവിയും കുടുംബജീവിതവും ശ്രേയസും സാധ്യതകളും തുണയും ഒക്കെ സംബന്ധിച്ച് വ്യക്തമായ ചിത്രങ്ങൾ ദൈവഹൃദയത്തിൽ ചായം പിടിപ്പിച്ചിട്ടുണ്ട്. എല്ലാവരുടെയും ആത്യന്തിക നന്മ മാത്രം ലക്ഷ്യമിട്ടുള്ള സ്വപ്നപദ്ധതികൾ ആണവ.

ഏദനിൽ ആരംഭിച്ച ആദ്യകുടുംബചിത്രം തന്നെ ഏറെ സൗന്ദര്യമുള്ളതായിരുന്നു. ആദമും ഹവ്വയും ദൈവകരങ്ങളുടെ വിരുത് പ്രകടമാക്കിയ അപൂർവ്വ ശില്പങ്ങളായിരുന്നു. സ്വന്തം സൗന്ദര്യത്തെ കണ്ടെത്തുവാൻ ഇന്നെന്നപോലൊരു സംവിധാനം ഒരുക്കപ്പെട്ടിരുന്നില്ല. കണ്ണുകളിൽ ഭാര്യയുടെയും ഭർത്താവിന്റെയും മിഴിവ് മാത്രം നിറഞ്ഞുനിന്നു. സ്നേഹവും ബഹുമാനവും കരുതലും പങ്കുവയ്ക്കലും എല്ലാം ചെന്നെത്തേണ്ടയിടത്തു മാത്രം എത്തിച്ചേർന്നു. സംതൃപ്തി ഏദനെയും അധികം സ്വാധീനിച്ചു. ഭൂമിയിലെ ആദിമനുഷ്യൻ പിറന്നു വീണ ഭൂമിയുടെ ഏക ഉടമസ്ഥനായിരുന്നു. കിരീടമില്ലെങ്കിലും ചക്രവർത്തിയെപ്പോലെ. പ്രകൃതിയിലെ പക്ഷിമൃഗാദികളും സസ്യജാലങ്ങളും ആദമിന്റെ സാന്നിധ്യത്തിൽ വിനയവും വിധേയത്വവും ഉള്ളവരായി. ഹവ്വയുടെ ശരിയായ രൂപം ചരിത്രത്തിൽ രേഖയാക്കുവാൻ ശ്രമിച്ചവർക്കൊന്നും നൂറു ശതമാനം വിജയം നേടുവാൻ ആയിട്ടില്ല. അതിനുള്ള ഭാഷ അവർക്കു പൂർണ്ണമായി കീഴ്പ്പെട്ടതുമില്ല. ചായക്കൂട്ടുകൾ യഥാർത്ഥ നിറം പകർന്നതുമില്ല.

ശില്പത്തിന്റെ മികവ് മാറി നിന്ന് ആസ്വദിക്കുന്ന ശില്പിയെപ്പോലെയായിരുന്നു ദൈവം. പിന്നീടൊരു മിനുക്കുപണിയും ആവശ്യമില്ലാത്തവിധം പൂർണ്ണതയുള്ള ഒരു കൈവേല അന്തിവെയിലിനൊപ്പം തോട്ടത്തിലെത്തുന്ന ദൈവം. സ്നേഹസല്ലാപങ്ങളിലേയ്ക്ക് വേഗം കടക്കുന്ന അപൂർവ്വ രംഗങ്ങൾ. സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള ഒട്ടിച്ചേരലുകൾ. കോടിക്കണക്കായ ദൂതന്മാരുടെ അകമ്പടിയും സംരക്ഷണവും.

ദൈവത്തിന്റെ അപൂർവ്വ ദാനമായ ഭാഷ ഇപ്പോൾ മൂന്നുപേരുടെ നാവുകളിൽ ഉണ്ട്. സഹൃദവും പ്രതിദിന കാര്യപരിപാടികളും ഈ സായാഹ്ന സവാരിയിൽ പങ്കിടുന്നുണ്ട്. തോട്ടത്തിൽ ചെയ്തെടുത്ത പകലിന്റെ വിശദീകരണങ്ങൾ. നാളെ ചെയ്തുതീർക്കുവാനുള്ള പദ്ധതികൾ. അലസതയും മടിയും ക്ഷീണവും ഒന്നുമില്ലാതെ സ്നേഹത്താൽ നിർബന്ധിക്കപ്പെട്ട പകലുകൾ.

നിർവ്വചിക്കുവാൻ ആവാത്ത സുഖാനുഭൂതിയാണ് ആ മൂവർസംഘം പരസ്പരം സമ്മാനിച്ചത്. മനസ്സും ശരീരവും ആത്മാവും ആനന്ദിച്ച ദിനങ്ങൾ. മുപ്പിരിച്ചരടിന്റെ കെട്ടുറപ്പ് ആ ബന്ധങ്ങൾക്ക് ഉണ്ടായിരുന്നു. വിള്ളൽ വീഴാതെ ഭദ്രമായി സൂക്ഷിച്ച ജീവൽ ബന്ധം. മടക്കയാത്രയ്ക്ക് കോപ്പുകൂട്ടുന്ന നിമിഷങ്ങളിൽ ആദം ഹവ്വ ദമ്പതികളുടെ കണ്ണും മനസ്സും ശരീരഭാഷയും ദൈവം ശ്രദ്ധിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ പിറ്റെ ദിവസത്തെ ഏദൻ സന്ദർശനം തിരക്കുകൾക്കിടയിലും അവിടുന്ന് റദ്ദു ചെയ്യുന്നില്ല. മനുഷ്യന്റെ ഉള്ളിൽ ദൈവസാന്നിദ്ധ്യത്തിനുമാത്രം നികത്താൻ കഴിയുന്ന ഒരു ശൂന്യസ്ഥലം ഉണ്ടെന്ന് തിരിച്ചറിഞ്ഞ ആദ്യവ്യക്തിയായിരുന്നു ആദം. ഇന്നയോളമുള്ള മനുഷ്യന്റെ അന്തരാത്മാവിൽ ഈ ബോധമുണ്ട് എന്നത് ആരും തള്ളിക്കളയുന്നില്ല. ദൈവസാന്നിധ്യം അറിയാതെ കൊതിച്ചുപോകുന്ന മനുഷ്യനിലെ ആത്മാവ്. മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോട് പറ്റിച്ചേരും. ഇരുവരും ഒരു ദേഹമായിത്തീരും. ഈ മർമ്മം വലിയത് ഞാൻ ക്രിസ്തുവിനെയും സഭയെയും ഉദ്ദേശിച്ച് അത്രേ പറയുന്നത്. സെന്റ് പോൾ പറയുന്നു. എഫെ. 5:32.

അപ്പനും അമ്മയ്ക്കും സഹോദരങ്ങൾക്കും സ്നേഹിതർക്കും നികത്താനാവാത്ത ഒരു വിടവും ശൂന്യതയും പുരുഷന്റെയും സ്ത്രീയുടെയും ഉള്ളിലുണ്ട്. ആൾക്കൂട്ടത്തിനിടയിലും ഏകാന്തതയുടെ തുരുത്തിലാണ് മനുഷ്യൻ. ഒരു സ്ത്രീക്കു മാത്രം പരിഹരിക്കുവാൻ കഴിയുന്ന പ്രശ്നങ്ങളുമായാണ് പുരുഷജീവിതം. സ്ത്രീയോടുകൂടി മാത്രമേ പുരുഷൻ പൂർണ്ണനാകുന്നുള്ളൂ. സ്ത്രീയുടെ കാര്യവും മറിച്ചല്ല. ഇതു മനസ്സിലാക്കിയ ദൈവം ആദിമനുഷ്യരിൽ തന്നെ പരിഹാരവും കണ്ടെത്തി.

ഭൂമിയിലെ ഒരു പുരുഷന്റെയും സ്ത്രീയുടെയും ഒന്നാകലിലൂടെ ദൈവം ഒരു വലിയ മർമ്മം ലോകത്തോട് പ്രസിദ്ധം ചെയ്യുകയാണ്. ക്രിസ്തുവും സഭയും എന്ന ഭാവികാല അത്ഭുതം.

നിത്യത വിരസതയായിരിക്കും എന്നു കരുതുന്ന സംശയാലുക്കളായ വിശ്വാസികൾക്കുള്ള ദൂതാണ് ഇത്. പാട്ടും പ്രാർത്ഥനയും സ്തുതിയും സ്തോത്രവും ഹല്ലേല്ലൂയ്യായും കൊണ്ട് നിത്യത മുഴുവൻ ചെലവഴിക്കേണ്ടി വരുമോ എന്ന ആശങ്കയിലും ദുഃഖത്തിലുമാണ് ചിലരെങ്കിലും. അങ്ങനെവന്നാൽ എന്തു ചെയ്യും?

ഹൃദയത്തിൽ കൊണ്ടുനടന്ന സ്നേഹവും മനസ്സിന്റെ ആഴമായ ആഗ്രഹവും പ്രകൃതിയിലൂടെ കൈവന്ന അനുഗ്രഹവും ദാമ്പത്യത്തിലെ ദൈവീകോദ്ദേശവും കൂടി സമ്മേളിക്കപ്പെടുമ്പോൾ ദമ്പതികളിൽ രൂപംകൊള്ളുന്ന ആനന്ദാനുഭവത്തിന്റെ അത്യുച്ചകോടിയാണ് നിത്യതയിലെ ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തിന്റെ നിഴലെന്ന് വചനം വെളിപ്പെടുത്തുന്നു.

ഹൃദയത്തിൽ കൊണ്ടുനടന്ന സ്നേഹവും മനസ്സിന്റെ ആഴമായ ആഗ്രഹവും പ്രകൃതിയിലൂടെ കൈവന്ന അനുഗ്രഹവും ദാമ്പത്യത്തിലെ ദൈവീകോദ്ദേശവും കൂടി സമ്മേളിക്കപ്പെടുമ്പോൾ ദമ്പതികളിൽ രൂപംകൊള്ളുന്ന ആനന്ദാനുഭവത്തിന്റെ അത്യുച്ചകോടിയാണ് നിത്യതയിലെ ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തിന്റെ നിഴലെന്ന് വചനം വെളിപ്പെടുത്തുന്നു.

അതിൽ വിരസതയോ വേർപെടലോ ആഗ്രഹിക്കുന്നില്ല. ആനന്ദാനുഭവസ്മൃതിയല്ല നിത്യത, മറിച്ച് ആ അനുഭവം തന്നെയാണ്. മണവാളൻ ആയിരങ്ങളിലും പതിനായിരങ്ങളിലും സുന്ദരനാണ്. ആരും മോഹിച്ചുപോകുന്ന വ്യക്തി. മണവാട്ടിയോ? അംഗംപ്രത്യംഗം സുന്ദരി. ശുദ്ധയും നിഷ്ക്കളങ്കയും. സർവ്വാംഗ സുന്ദരി. ആത്മാവിന്റെ പ്രതീക്ഷകൾ മുഴുവനും ഏതുകാലത്തേയ്ക്കും ഒരു വാതായനമെന്നോണം തുറക്കപ്പെടുകയാണ് നിത്യതയുടെ പ്രവേശനത്തോടെ. ഈ ആനന്ദാനുഭവത്തിലേയ്ക്കുള്ള ക്ഷണമാണ് സുവിശേഷം.

എതിരാളിയായ പിശാച് ഈ അതുല്യാനുഭവത്തെയാണ് തടഞ്ഞത്. പകരം നൽകിയതോ? നരകം. ചാകാത്ത പുഴുവുള്ള, കെടാത്ത തീയുള്ള, കരച്ചിലും പല്ലുകടിയും മാത്രമുള്ള, രക്ഷപ്പെടുവാൻ ഒരിക്കലും കഴിയാത്ത ഇടം.

ഓരോ വിവാഹ ജീവിതവും നിഴലായിരിക്കുന്നത് നിത്യതയിലെ ക്രിസ്തുവും സഭയും തമ്മിലുള്ള ഉന്നത ബന്ധത്തിന്റെ ഊഷ്മളതയെയാണ്. വഞ്ചിക്കപ്പെടരുത്. നമ്മുടെ ലക്ഷ്യം ആ വലിയ അവകാശം തന്നെ ആയിരിക്കട്ടെ.

# മറ്റുള്ളവരെ മറക്കാതിരിക്കുക



ജോസ് പന്തപ്ലാംതൊട്ടിയിൽ

അസാധ്യമായ കാര്യമായിരുന്നു ചുങ് എന്ന കൊച്ചുപയ്യൻ അവരോടാവശ്യപ്പെട്ടത്. ചുരുങ്ങിയ ദിവസത്തിനുള്ളിൽ ഭക്ഷ്യയോഗ്യമല്ലാതായിത്തീരുന്ന ബ്രെഡ് എങ്ങനെയാണ് ചൈനയിലേക്ക് അയയ്ക്കുക. എങ്കിലും, അവനെ നിരാശപ്പെടുത്താതിരിക്കാൻ അവർ ഒരു വഴി കണ്ടുപിടിച്ചു.

ചൈന കമ്യൂണിസ്റ്റാധിപത്യത്തിൽ അമരുന്നതിനുമുമ്പ് ചൈനയും ജപ്പാനും തമ്മിൽ യുദ്ധം നടക്കുന്ന കാലം. യുദ്ധം മൂലം ചൈനയിലെങ്ങും കൊടുംപട്ടിണി നടമാടുന്നതായി മറ്റു രാജ്യങ്ങളിൽ വാർത്തയെത്തി. അപ്പോൾ ചൈനക്കാർക്കു സഹായമെത്തിക്കാൻ പല ഏജൻസികളും വ്യക്തികളും മുന്നോട്ടുവന്നു. ചൈനക്കാരെ സഹായിക്കാൻ മുന്നോട്ടുവന്നവരുടെ കൂടെ ഫിലിപ്പീൻസിലെ മനിലയിൽനിന്നു ചുങ് എന്നുപേരുള്ള ഒരു കൊച്ചുപയ്യനുമുണ്ടായിരുന്നു. ചൈനീസ് വംശജനായ ചുങിനു തന്റെ ജനങ്ങളുടെ കദനകഥ കേട്ടപ്പോൾ വലിയ ദുഃഖം തോന്നി. അങ്ങനെയാണ് തന്റെ സമ്പാദ്യം മുഴുവൻ ചൈനയിലെ പട്ടിണിപ്പാവങ്ങൾക്കുവേണ്ടി ചെലവഴിക്കാൻ തീരുമാനിച്ചത്.

മൂന്നു പൗണ്ടായിരുന്നു ചുങിന്റെ ജീവിതസമ്പാദ്യം. ഒരു സൈക്കിൾ വാങ്ങുവാൻ വേണ്ടി ചുങ് സ്വരുക്കൂട്ടിവച്ചിരുന് തുകയായിരുന്നു അത്. പട്ടിണി കിടക്കുന്നവരുടെ വിശപ്പടക്കണമെങ്കിൽ അപ്പം വേണമല്ലോ. ചുങ് നേരേ ഒരു ബേക്കറിയിലേക്കു പോയി. മൂന്ന് പൗണ്ടിനു ബ്രെഡ് വാങ്ങി. തനിക്ക് ചുമന്നുകൊണ്ടുപോകാവുന്നതിലും അധികം ബ്രെഡ് മൂന്നു പൗണ്ടിനു അന്ന് ചുങിനു ലഭിച്ചു. വിലകൊടുത്തു വാങ്ങിയ ബ്രെഡുമായി ചുങ് നേരെ ചൈനീസ് റിലീഫ് ഏജൻസിയുടെ

➡ 6...



# കുട്ടികൾക്കുവേണ്ടത് കുട്ടികൾക്ക് നല്കുക

ജോർജ്ജ് ബാറ്ന

നിങ്ങളുടെ സ്വയാവബോധവും വൈകാരിക പൂർണ്ണതയും ദൈവവുമായുള്ള യോഗ്യവും ആഴത്തിലുള്ളതുമായ ബന്ധത്തിൽ അടിസ്ഥാനപ്പെടുമ്പോൾ നിങ്ങൾ തൃപ്തനും സന്തുഷ്ടനും ആയിത്തീരും, മറിച്ച് നിങ്ങൾ സുഖഭോഗങ്ങളിലോ, പ്രശസ്തിയിലോ, സ്വാർത്ഥതയിലോ ജീവിതവിജയം കണ്ടെത്താൻ ശ്രമിക്കുന്നുണ്ടെങ്കിൽ, നിങ്ങൾ വളരെ നിരാശപ്പെടേണ്ടവരും ആത്മീയമാർഗ്ഗത്തിലൂടെയല്ലാതെ ലോകത്തിന്റെ വഴികളിലൂടെ വൈകാരിക പൂർണ്ണത കണ്ടെത്താൻ നിങ്ങൾ അഗ്രഹിക്കുമ്പോൾ നിരാശയും വിഷാദവും പിരിമുറുക്കവും ആയിരിക്കാം ഫലം.

യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനും മുമ്പ്, ഞങ്ങൾക്കു കുട്ടികളുണ്ടാകുന്നതിനും മുമ്പ് അർത്ഥപൂർണ്ണമായ ജീവിതം നയിക്കുന്നതിന് കുട്ടികൾക്ക് ആവശ്യമുള്ളതെന്ത് എന്നതിനെക്കുറിച്ച് ഞാൻ വളരെയധികം വിശകലനവിധേയമാകാത്ത സങ്കൽപങ്ങൾ പുലർത്തിയിരുന്നു. എന്റെ പരിചയക്കുറവുകൊണ്ട്, മാതാപിതാക്കൾ കുട്ടികളെ സ്നേഹിക്കുകയും അവരുടെ ഭൗതീക ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുകയും, അവരുടെ ബൗദ്ധിക വികാസത്തിനു വേണ്ടുന്നത് സ്കൂളുകളിൽ നിന്നു ലഭിക്കുകയും മതപരമായ പഠനങ്ങളും പരിചയങ്ങളും സഭയിൽനിന്നു ലഭിക്കുകയും, വിനോദവും ആരോഗ്യവും ഉറപ്പാക്കുന്ന ശാരീരിക പ്രവർത്തനങ്ങളിൽ അവർ ഏർപ്പെടുകയും ചെയ്താൽ കുട്ടികളുടെ ജീവിതം അർത്ഥപൂർണ്ണവും സംതൃപ്തവും സമൃദ്ധവും ആകും എന്നു ഞാൻ കരുതി.

രണ്ടു ദശകങ്ങൾക്കുശേഷം വളരെ ഗവേഷണങ്ങൾക്കും വിവിധ കുടുംബങ്ങൾക്കും കുട്ടികൾക്കൊപ്പമുള്ള അനുഭവങ്ങൾക്കും, ഈ വിഷയങ്ങളെ വ്യത്യസ്തമായ വെളിച്ചത്തിൽ കാണുവാനുതകുന്ന ലോകവീക്ഷണം രൂപപ്പെട്ടതിനും ശേഷം; കുട്ടികളുടെ ആവശ്യങ്ങൾ സംബന്ധിച്ചുള്ള എന്റെ ആവശ്യങ്ങൾ എവിടെനിന്നു വന്നു എന്നും അമേരിക്കൻ സമൂഹം സ്വീകരിച്ചിരിക്കുന്ന മൂല്യങ്ങളും കാഴ്ചപ്പാടുകളും എത്ര അപകടകരവും തെറ്റായതുമാണ് എന്നും ഞാൻ മനസ്സിലാക്കുന്നു.

ധാർമ്മികം, ആത്മീകം, ശാരീരികം, വൈകാരികം, ബൗദ്ധികം എന്നീ അഞ്ചു പ്രധാന നിലകളിൽ ഉള്ള വളർച്ചയുടെ മിശ്രണമാണ് മാനുഷിക വികസനം എന്നതാണ് ഞാൻ മനസ്സിലാക്കിയ ഒരു വസ്തുത. ഇത്തരത്തിലുള്ള ഓരോ മേഖലയുടേയും ആധാരമെന്നത് ഒരു വ്യക്തിയുടെ ആത്മീയ അടിത്തറയാണ് എന്നത് ഞാൻ തിരിച്ചറിഞ്ഞില്ല.

ഓരോ മേഖലയിലും നാം എങ്ങനെ വളരുന്നുവെന്നു ചിന്തിക്കുക. ധാർമ്മികത, ഉദാഹരണമായി, ധാർമ്മികത എന്നാൽ ശരിയെന്നോ തെറ്റെന്നോ നാം വിശ്വസിക്കുന്ന വസ്തുക്കളെ നിർവ്വചിക്കുകയും അതിൻപ്രകാരം പ്രവർത്തുക്കുകയും ചെയ്യുക എന്നതാണ്. ശരിതെറ്റുകളെ നിർവ്വചിക്കാൻ ധാർമ്മിക പ്രമാണങ്ങൾ ആത്യന്തികമാണോ സാഹചര്യങ്ങൾക്കടിസ്ഥാനപ്പെട്ടതാണോ – അതാത് സാഹചര്യബന്ധമില്ലാതെ എല്ലായിടത്തും എക്കാലവും അവ ഒന്നു തന്നെയാണോ അതോ അവ സാഹചര്യങ്ങൾക്കനുസരിച്ച് തീരുമാനിക്കപ്പെടുകയാണോ? അത്തരത്തിൽ ഒരു തീരുമാനത്തിലെത്താൻ നമ്മുടെ ധാർമ്മിക നിലവാരങ്ങളുടെ ഉത്ഭവസ്ഥാനം നാം തിരിച്ചറിയേണ്ടതുണ്ട്. ധാർമ്മികത എന്നത് ഒരു വ്യക്തിയുടെ തോന്നലുകൾ, അനുഭവങ്ങൾ, വ്യക്തിപരമായ തത്വശാസ്ത്രം, ആവശ്യങ്ങൾ എന്നിവയോടു ബന്ധപ്പെട്ടിരിക്കുന്നുവെന്നും അതിനാൽ അവ ആപേക്ഷികമാണ് എന്നും മിക്കവരും വിശ്വസിക്കുന്നു. ആത്യന്തികമായ ഒരു ധാർമ്മിക നിലവാരം ഉണ്ട് എന്നും അത് ബൈബിളിൽ അടങ്ങിയിരിക്കുന്നു എന്നുമാണ് വളരെച്ചെറിയ ഒരു വിഭാഗം വിശ്വസിക്കുന്നത്. നമുക്ക് ഊഹിക്കാനാവുന്നതുപോലെ ധാർമ്മികതയുടെ ആരംഭവും അതിന്റെ സ്വഭാവവും സംബന്ധിച്ചുള്ള നമ്മുടെ തീരുമാനം ഗൗരവതരമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നു. ഒരു വ്യക്തിയുടെ ധാർമ്മിക അടിസ്ഥാനം ക്രിസ്ത്യൻ ആത്മീയതയിൽ അടിസ്ഥാനപ്പെട്ടതും അങ്ങനെ ദൈവവചനത്തിൽനിന്നും രൂപപ്പെട്ടതുമോ, അല്ലെങ്കിൽ ലോകവീക്ഷണത്തിൽ അടിസ്ഥാനപ്പെട്ടതോ ആണ് എന്നതാണ് ഇതിന്റെ അർത്ഥം.

ശാരീരിക സ്ഥിതിയും ഉത്തരവാദിത്വങ്ങളും സംബന്ധിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. ശരീരം നല്കിയത് ആര്, എന്തുകൊണ്ട് അത് പ്രാധാന്യമുള്ളതായി, അതുകൊണ്ട് ഉദ്ദേശിക്കുന്ന പരമമായ ഉദ്ദേശ്യം എന്താണ്? എന്നീ കാര്യങ്ങളിലെ നിങ്ങളുടെ വിശ്വാസം, ശരീരത്തെ എങ്ങനെ സൂക്ഷിക്കുന്നു എന്നും അതിനെപ്പറ്റി എന്തു കരുതുന്നു എന്നും ഉള്ള കാര്യങ്ങളെ ബാധിക്കുന്നു. ദൈവത്തിനും മനുഷ്യനും പ്രയോജനപ്പെടുവാനുള്ള ഒരു ഉപകരണമായാണ് ശരീരം നിർമ്മിച്ചിരിക്കുന്നത് എന്നതാണ് ബൈബിളിന്റെ കാഴ്ച്ചപ്പാട്. ദൈവത്തെയും മറ്റുള്ളവരെയും സ്നേഹിക്കുക എന്നതാണ് നിങ്ങളുടെ അസ്ഥിത്വത്തിന്റെ തന്നെ കാരണമെങ്കിൽ, നിങ്ങളുടെ ശരീരം അത് നിറവേറ്റുവാൻ നൽകപ്പെട്ടിട്ടുള്ള ഉപകരണങ്ങളിൽ ഒന്നാണ്, ശരീരത്തെക്കുറിച്ച് എത്രയധികം നാം ശ്രദ്ധിക്കുന്നുവോ – അത് അതിൽ തന്നെ ഒരു വിഗ്രഹമോ ലക്ഷ്യമോ ആകാതെ – അത്രയധികം നിങ്ങളുടെ ദൗത്യം നിറവേറ്റുന്നതിൽ നിങ്ങൾ ശക്തനാകും. എന്നാൽ ലോകത്തിന്റെ കാഴ്ചപ്പാടിൽ നിങ്ങൾ ശരീരത്തെ കണ്ടാൽ (അതായത്, ജീവിതത്തിൽ – ഏറ്റവും അധികം സന്തോഷവും, ആനന്ദവും അനുഭവിക്കുവാൻ നമ്മെ അനുവദിക്കുന്ന ഒരു സ്വകാര്യ സ്വത്ത് എന്ന നിലയിൽ) നിങ്ങൾക്ക് യഥാർത്ഥ സംതൃപ്തി ലഭിക്കാതെയിരിക്കുകയും മാത്രമല്ല വഴിവിട്ട ജീവിത വീക്ഷണത്തിന്റെ അനന്തരഫലങ്ങൾ അനുഭവിക്കേണ്ടിവരികയും ചെയ്യും ഉദാ: ലൈംഗീക രോഗങ്ങൾ.

നിങ്ങളുടെ വൈകാരിക അവസ്ഥയും സമാനമായി വിലയിരുത്താവുന്നതാണ്. ദൈവസാന്നിദ്ധ്യം ആസ്വദിക്കുകയും അവനിൽനിന്ന് സ്നേഹവും അംഗീകാരവും നേടുകയും ചെയ്യുവാനുള്ള ഒരു മാർഗ്ഗമായി നിങ്ങളുടെ വൈകാരിക തോന്നലുകളെ കാണാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വൈകാരിക ആവശ്യങ്ങൾ പ്രാഥമികമായി വ്യക്തികളാലും അനുഭവങ്ങളാലും പൂർത്തീകരിക്കപ്പെടുവാൻ പ്രതീക്ഷിക്കുകയും ചെയ്യാം. ദൈവത്തെ സ്നേഹിക്കുവാനും, അവനാൽ സ്നേഹിക്കപ്പെടുവാനുമായി നിങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കയാലും, അവൻ എപ്പോഴും സമ്പൂർണ്ണ സ്നേഹം നൽകുന്നതിനാലും, നിങ്ങളുടെ സ്വയാവബോധവും വൈകാരിക പൂർണ്ണതയും ദൈവവുമായുള്ള യോഗ്യവും ആഴത്തിലുള്ളതുമായ ബന്ധത്തിൽ അടിസ്ഥാനപ്പെടുമ്പോൾ നിങ്ങൾ തൃപ്തനും സന്തുഷ്ടനും ആയിത്തീരും, മറിച്ച് നിങ്ങൾ സുഖഭോഗങ്ങളിലോ, പ്രശസ്തിയിലോ, സ്വാർത്ഥതയിലോ ജീവിതവിജയം കണ്ടെത്താൻ ശ്രമിക്കുന്നുണ്ടെങ്കിൽ, നിങ്ങൾ വളരെ നിരാശപ്പെടേണ്ടവരും ആത്മീയമാർഗ്ഗത്തിലൂടെയല്ലാതെ ലോകത്തിന്റെ വഴികളിലൂടെ വൈകാരിക പൂർണ്ണത കണ്ടെത്താൻ നിങ്ങൾ അഗ്രഹിക്കുമ്പോൾ നിരാശയും വിഷാദവും പിരിമുറുക്കവും ആയിരിക്കാം ഫലം.

ബൗദ്ധിക സംതൃപ്തിപോലും ആത്മീക വഴികളിലൂടെയാണ് പ്രാപിക്കേണ്ടത്. തങ്ങളുടെ മേഖലകളിലെ ഏറ്റവും മിടുക്കരായിത്തീരണമെന്ന ലക്ഷ്യത്തോടെ ജീവിക്കുന്ന എത്രയോ ആയിരങ്ങളുണ്ട്? ഇക്കാര്യത്തിലും ബൈബിൾ പരമായ ഒരു കാഴ്ചപ്പാട് നിങ്ങളെ വ്യക്തമായ നിലപാടിൽ എത്തിക്കുന്നു. ശലോമോൻ സഭാപ്രസംഗിയുടെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതുപോലെ അത്തരത്തിലുള്ള ബൗദ്ധിക മേൽക്കൈ നേടുവാനുള്ള അദ്ധ്വാനം ബുദ്ധിപരമായ അസഹിഷ്ണുതയാണ്. വിശാലമായ ഒരു കാഴ്ചപ്പാട് നേടിയെടുക്കുന്നതോ അറിവിന്റെ അതിരുകൾ വികസിപ്പിക്കുന്നതോ, ആത്യന്തികമായ ലക്ഷ്യം ദൈവത്തെയും അവന്റെ ജനത്തേയും കൂടുതൽ വിശുദ്ധമായി സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുക എന്നത് ഒരു തെറ്റായ കാര്യമല്ല. വ്യക്തിപരമായ ലാഭത്തിനുവേണ്ടിയോ പ്രസിദ്ധിക്കുവേണ്ടിയോ അറിവു സമ്പാദിക്കുന്നത് പ്രയോജന രഹിതവും മൗഢ്യവുമാണ്.

വ്യക്തി വികസനത്തിന്റെ മറ്റൊരു വശം എന്നു പറയുന്നത് സ്വഭാവരൂപീകരണത്തിനുള്ള ഊന്നലാണ്. സ്വഭാവികമായും നിങ്ങൾക്ക് നിങ്ങളുടെ മക്കൾ ബഹുമാനം, ധൈര്യം, സത്യസന്ധത, ദയ, കരുണ, എളിമ, ദാനശീലം, സൗമ്യത, വിശ്വസ്തത മുതലായ സദ്ഗുണങ്ങൾ പ്രദർശിപ്പിക്കേണം എന്ന് ആഗ്രഹമുണ്ട്. സത്സ്വഭാവത്തിനു കാരണമാകുന്ന ധാർമ്മിക മൂല്യങ്ങൾ ഉറപ്പുള്ള ആത്മീക അടിസ്ഥാനങ്ങളിൽനിന്നു മാത്രമേ വരികയുള്ളൂ. അത്തരമൊരു അടിസ്ഥാനം എന്നത് ഒരു പ്രേരകശക്തിയാരുന്നില്ലെങ്കിൽ അത്തരം ഗുണങ്ങൾ വളർത്തിയെടുക്കുന്നത് പ്രയോജനകരമല്ല.

അങ്ങനെ, നമ്മുടെ ജീവിതത്തിന്റെ ഏറ്റവും പ്രധാനമായ മാനം എന്നത് ആത്മീയ മാനമാണ്. ലക്ഷക്കണക്കിന് ആളുകൾ ആത്മീയതയുടെ ഈ പ്രാധാന്യം മനസ്സിലാക്കുന്നവരാണ് എങ്കിലും അവർ ദൈവ പദ്ധതിക്കു പുറത്താണ് ഈ ആത്മീയതയെ അന്വേഷിക്കുന്നത് എന്നത് ദുഃഖകരമാണ്.

ദൈവത്തിന്റെ വഴികളോടോ, നിയമങ്ങളോടോ, കാര്യമായ ബന്ധമില്ലാത്ത നൂറുകണക്കിനു മതവിഭാഗങ്ങളോടുമാണ് വ്യക്തികൾ ബന്ധപ്പെട്ടിരിക്കുന്നത്. ഇത്തരക്കാരുടെ ധാർമ്മികവും, ശാരീരികവും, വൈകാരികവും, ബൗദ്ധീകവുമായ കാഴ്ചപ്പാടുകളും പെരുമാറ്റങ്ങളും ദൈവത്തെ ബഹുമാനിക്കുന്ന തരത്തിലുള്ളവയുമായി കൂട്ടിമുട്ടുന്നത് അത്തരം തെരഞ്ഞെടുപ്പുകൾ സമീപസ്ഥവും വ്യക്തിപരവുമായ പ്രയോജനമുള്ളവയാകുമ്പോൾ മാത്രമാണ്.



നിർഭാഗ്യവശാൽ ക്രിസ്ത്യനികളെന്നു സ്വയം ധരിക്കുന്നവരിൽ കൂടുതലും സൗകര്യപ്രദമായോ, ഗത്യന്തരമില്ലാതെയോ വരുമ്പോൾ മാത്രം ദൈവത്തിന്റെ പ്രമാണങ്ങളുടേയും പ്രതീക്ഷകളുടേയും അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവരാണ്.

നിങ്ങളുടെ കുഞ്ഞുങ്ങൾ എങ്ങനെ വളരണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്? തങ്ങൾക്കു പ്രയോജനമുണ്ട് എന്നു കരുതുന്ന കാര്യങ്ങളിൽമാത്രം ദൈവവുമായി അടുക്കുകയും ആ പദ്ധതിക്കൊപ്പം മുൻപോട്ടു പോവുകയും ദൈവം ഒരുക്കിയ മഹത്വജീവൻ നഷ്ടപ്പെടുത്തുകയും ചെയ്യുന്ന വിധത്തിലോ!

ക്രിസ്തീയ ദർശനം CHRISTHEEYA DARSANAM

## എസ്.എസ്.എൽ. ക്യാമ്പ് ഏപ്രിൽ 1 ന് ആരംഭിക്കും

**എറണാകുളം:** 1989 മുതൽ കേരളത്തിലെ ബ്രദറൺ സഭകളുടെ സഹകരണത്തിൽ പത്താംക്ലാസ് പഠനം കഴിഞ്ഞ വിദ്യാർത്ഥികൾക്കായ് ആത്മിക മാർഗ്ഗനിർദ്ദേശം നൽകി വരുന്ന എസ്. എസ്.എൽ. ക്യാമ്പ് ഏപ്രിൽ 1 മുതൽ 5 വരെ അങ്കമാലി അസ്സീസ്സി ശാന്തി കേന്ദ്രത്തിൽ നടക്കും.
ആത്മികവും ഭൗമികവുമായ ജീവിതതലങ്ങളിൽ വിജയം നേടുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. ദൈവഹിതം കണ്ടെത്തുക, ഭാവിയിലെ പഠന മേഖല എന്തായിരിക്കണം. ബൈബിൾ പഠനം എങ്ങനെ രസകരമാക്കാം, കൗമാരപ്രശ്നങ്ങളെ എങ്ങനെ നേരിടാം, റാഗിംഗ്, ക്യാമ്പസ് രാഷ്ട്രീയം, മദ്യം, മയക്കുമരുന്ന് ഇവയിൽ നിന്നുള്ള മോചനം, ഇന്റർനെറ്റ്, മൊബൈൽ ഇവയുടെ ചതിക്കുഴിയിൽ നിന്ന് എങ്ങനെ രക്ഷപ്പെടാം തുടങ്ങിയ ഒട്ടേറെ പഠനവിഷയങ്ങൾ.
ജോൺ കുര്യൻ, ജയിംസ് വർഗ്ഗീസ്, വർഗ്ഗീസ് ജോൺ, ജോർജ് കോശി, ടെൻസൺ ജോസഫ്, ഡോ. ജെയ്സൺ ജെ., ജോമോൻ തോമസ് തുടങ്ങി നിരവധി സഹോദരന്മാർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നു. ബന്ധപ്പെടുക. 8943344001, 8943344002.

## ജോൺസൺ ജോർജ്ജിന് കമന്റേഷൻ

**സെക്കന്ദ്രബാദ്.** ഒ. എം. ബുക്സിന്റെ നാഷണൽ ഡയറക്ടറായിരുന്ന സഹോ. ജോൺസൺ ജോർജ് ജോലി രാജിവച്ച് പൂർണ്ണ സമയ സുവിശേഷ പ്രവർത്തനത്തിനായി വേർതിരിഞ്ഞിരിക്കുന്നു. സെക്രന്തറബാദിലെ ചേരിനിവാസികളുടെ മദ്ധ്യേ താൻ പ്രവർത്തിച്ചു വരുന്നു. 100 വിദ്യാർത്ഥികളുള്ള സൺഡേ സ്കൂൾ ഉണ്ട്. ഭാര്യയും രണ്ട് മക്കളും ഉണ്ട്.
Johnsongeorge24@gmail.com.
Tel : 09849121182.
**ടി. വി. പൗലോസ്, പി. എം. ജേക്കബ്, റ്റി. കെ. ഡേവിഡ്.**

## സഭാഹാൾ നിർമ്മാണം പുരോഗതിയിൽ

**കഞ്ഞിക്കുഴി (ഇടുക്കി):** സഭയുടെ സുവിശേഷ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി തുടരുന്നു. സമീപ സഭകളിലെ സുവിശേഷകന്മാർ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നു. പഴയരിക്കണ്ടം, ചേലച്ചുവട്, കീരിത്തോട്, വെൺമണി തുടങ്ങിയ സ്ഥലങ്ങളിൽ പരസ്യയോഗങ്ങളും ബൈബിൾ ക്ലാസ്സും നടക്കുന്നു. സഭാഹാളിന്റെ പണികൾ പുരോഗമിക്കുന്നു. ദൈവജനത്തിന്റെ പ്രാർത്ഥന ആവശ്യമുണ്ട്. **കെ. എം. വർഗീസ്.**

## സ്നാനശുശ്രൂഷയും വചനപ്രഘോഷണവും



**ഇറ്റാനഗർ (അരുണാചൽപ്രദേശ്):** സുവിശേഷവിരോധികൾ നിമിത്തം ഏറെ പ്രതിസന്ധികൾ അനുഭവിക്കേണ്ടിവന്ന സുവി. സന്തോഷ് കെ. ജോസ് കഠിനപോരാട്ടങ്ങൾക്കു നടുവിലും ഫലം കണ്ട് കർത്താവിന് മഹത്വം കരേറ്റന്നു. മാർച്ച് 8,9 തീയതികളിൽ നടന്ന വിശേഷാൽ യോഗങ്ങളിൽ വി. ഒ. ആന്റണി വചനശുശ്രൂഷ നിർവ്വഹിച്ചു. 4 പേർ കർത്താവിനെ ജലത്തിൽ സാക്ഷിച്ചു. സുവി. സന്തോഷ് കെ. ജോസിനെയും കുടുംബത്തെയും പ്രാർത്ഥനയിൽ ഓർത്താലും.
വിലാസം: Sathosh K Jose,

Guardian Angel
Residential School,
VIP Road, Banktinali,
Papum Para District
Itanagar, 791111,
Phone. 09401464687

## സോദരിഭവൻ ബൈബിൾ സ്കൂൾ വാർഷികസമ്മേളനം നടന്നു



പഠനം പൂർത്തിയാക്കിയവർ ചുമതലപ്പെട്ടവരോടൊപ്പം

**കൊല്ലം:** സോദരിഭവനിൽ ഒരു വർഷത്തെ ഇംഗ്ലീഷ് മാധ്യമത്തിലുള്ള ആറാമത്തെ ബൈബിൾ സ്കൂൾ സമാപിച്ചു. 6 പേർ പഠനം പൂർത്തീകരിച്ചു. മാർച്ച് 15 ന് നടന്ന സമാപനസമ്മേളനത്തിൽ പ്രൊഫ. പി. എ. ഏബ്രഹാം കൊല്ലം അദ്ധ്യക്ഷത വഹിച്ചു. ബ്രദർ. സി. എ. ജോർജ്ജ് മുഖ്യസന്ദേശം നല്കി. വർഗീസ് തോമസ്, ഡാനിയേൽ വർഗീസ്, പീറ്റർ പാലക്കാട് എന്നിവർ ആശംസാസന്ദേശം നല്കി. ജോയ്സ് മാത്യു കൊല്ലം, ഡാളി മാത്യു തിരുവല്ല, ഡോ. സാലിക്കുട്ടി ഏബ്രഹാം, മേരി കോശി തുടങ്ങിയവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നല്കി. സോദരിഭവനിലെ സഹോദരിമാരുടെ സമർപ്പണവും കൊല്ലം ബ്രദറൺ അംസബ്ലിയുടെ പിന്തുണയുമാണ് വിജയത്തിനു പിന്നിൽ. സഹോദരൻ റെജി നൈനാന്റെ പ്രാർത്ഥനയോടെ സമാരംഭിച്ച സമ്മേളനം ബ്രദർ സാംസൺ ഹെന്റ്ട്രിയുടെ സമർപ്പണ പ്രാർത്ഥനയോടെ സമാപിച്ചു.

## എസ്.ബി.എസ്. സെന്റർ ക്യാമ്പ്

**തിരുവനന്തപുരം:** സുവിശേഷകൻ ബാലസംഘം തിരുവനന്തപുരം സെന്റർ ക്യാമ്പ് 2014 ഏപ്രിൽ 14–17 വരെ നെയ്യാറ്റിൻകര ലോഗോസ് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തുന്നു. ക്യാമ്പ് തീം സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ , (1 തെസ്സ. 5:21) എന്നതായിരിക്കും. പ്രധാന ശുശ്രൂഷകർ – തോംസൺ ബി. തോമസ് മുംബൈ, കെ. എൽ. ജോൺ പണിക്കർ മണ്ണന്തല, റെജി കെ. തോമസ് നെല്യാടി, ജി. ധർമ്മരാജ് മാവേലിക്കര, ഗോഡ്സൺ വാലയിൽ വയനാട്, ജോഷ് ജോൺ മണലയം, പി. ഗോഡ്സൺ കുട്ടമല. ഈ ക്യാമ്പ് അനുഗ്രഹകരമായി നടത്തുന്നതിനായി എല്ലാവരും പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്താലും. എന്ന് ക്യാമ്പിനുവേണ്ടി, സുന്ദർദാസ് (കൺവീനർ), ഏബ്രഹാം മാത്യൂസ് (സെക്രട്ടറി), വി. കെ. ജോയികുമാർ (ട്രഷറർ) – 9446022942.

## എസ്.ബി.എസ് ടീൻസ് സ്പെഷ്യൽ ക്യാമ്പ്

**പുത്തൻകാവ്:** സുവിശേഷകൻ ബാലസംഘം ടീൻസ് സ്പെഷ്യൽ ക്യാമ്പ് 2014 മാർച്ച് 31 മുതൽ ഏപ്രിൽ 5 വരെ പുത്തൻകാവ് എസ്. ബി.എസ് ക്യാമ്പ് സെന്ററിൽ നടക്കും. 9,10,11,12 ക്ലാസ്സുകളിൽ മാർച്ചിൽ പരീക്ഷ എഴുതിയിരിക്കുന്ന കുട്ടികൾക്ക് പങ്കെടുക്കാം. 500 കുട്ടി കൾക്ക് പ്രവേശനം നൽകും. മുമ്പു കൂട്ടി ജനറൽ സെക്രട്ടറിയോ, സെന്റർ സെക്രട്ടറിയോ വിവരം അറിയിക്കേതാണ്. **ബിനു സാമുവേൽ 09447359183**

## റാന്നി വിമൻസ് ക്യാമ്പ്

**റാന്നി:** ഈ വർഷത്തെ റാന്നിയിലും പരിസരങ്ങളിലുമുള്ള സ്ഥലംസഭകളിലെ വിമൻസ് ക്യാമ്പ് ഏപ്രിൽ 8–11 വരെ ബ്രദറൺ ഓഡിറ്റോറിയത്തിൽ നടക്കും. ബ്രദർ ഷനു സാമുവേൽ, സഹോദരിമാരായ ബെറ്റി ജോൺ ജേക്കബ്, ലിസി പ്രസാദ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകും. **ലിസി സാം.**

## സിസ്റ്റേഴ്സ് കോൺഫറൻസ്

**കൊല്ലം:** കേരളത്തിലുള്ള സഹോദരിമാർക്കായി കൊല്ലം സോദരിഭവനിൽ ഏപ്രിൽ 3 മുതൽ 5 വരെ ഒരു കോൺഫറൻസ് നടക്കും. സഹോദരിമാരായ ചിന്നമ്മ മാത്യു ജഗദൽപൂർ, പുഷ്പ ജോയ് മൂംബൈ എന്നിവർ പ്രധാന ലീഡേഴ്സായിരിക്കും.

## ഹ്രസ്വകാല ബൈബിൾ സ്കൂൾ

**കൊല്ലം:** സഹോദരിമാർക്കായി മൂന്നാഴ്ച്ചത്തെ ബൈബിൾ പഠന പ്രോഗ്രാം ഏപ്രിൽ 6 മുതൽ 26 വരെ സോദരിഭവനിൽ നടത്തപ്പെടുന്നതാണ്. സഹോദരന്മാരായ ജോസ് മാങ്കുടി, ബിനു മാത്യു, സജി എ. ജെ. എന്നിവർ ക്ലാസുകൾ നയിക്കും. **ജോയ്സ് മാത്യു**

## ചികിത്സാ സഹായം തേടുന്നു

കഞ്ഞിക്കുഴി സഭാംഗമായ സഹോ. ഏലിക്കുട്ടി (67) ക്യാൻസർ ചികിത്സയിൽ കഴിയുന്നു. 8 വർഷമായി വിശ്വാസത്തിലാണ്. സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്ന വിധവയുമാണ്. ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും തേടുന്നു. സഭാ വക അക്കൗണ്ടിലേയ്ക്ക് കൂട്ടായ്മ അയച്ചാലും.

Union Bank, Chelachuvadu,
A/c 423102010018007
IFSE UBI 542318 Christian
Brethen Assembly,
Ezhukambi, Kanjikkuzhy P. O.,
Idukky 685 606.

## വൈ. എം. ഇ. എഫ് പ്രാർത്ഥനാ സമ്മേളനം

**മണ്ണാരത്തറ.** സൗത്ത് ഡിവിഷൻ വൈ. എം. ഇ. എഫിന്റെ പ്രാർത്ഥനാസമ്മേളനം ഇടശ്ശേരിമല ബ്രദറൺ ചർച്ചിൽ മാർച്ച് 30 ഞായർ 3: 30ന് നടക്കും. ബ്രദർ പി. എം. രാജൻ, വെച്ചൂച്ചിറ സന്ദേശം നല്കും. വൈ. എം. ഇ. എഫ് പ്രവർത്തനങ്ങൾ, ബ്രദറൺ സമൂഹത്തിന്റെ വിവിധ ആവശ്യങ്ങൾ, സമൂഹം നേരിടുന്ന പ്രതിസന്ധികൾ ഇവയ്ക്കായി പ്രാർത്ഥിക്കുവാൻ കൂടിവരുന്ന ഈ സമ്മേളനത്തിൽ പങ്കെടുക്കുവാൻ ഉത്സാഹിക്കുക. **പ്രൊഫ. എം. ജെ. കുര്യൻ, 9495605722**

## 4... മറ്റുള്ളവരെ മറക്കാതിരിക്കുക

ഓഫീസിലേക്കു പോയി. താൻ വാങ്ങിക്കൊണ്ടുവന്ന ബ്രെഡ് മുഴുവനും എത്രയും വേഗം ചൈനയിലെത്തിക്കണമെന്ന് ചുങ് റിലീഫ് ഏജൻസിയിലെ അധികൃതരോട് ആവശ്യപ്പെട്ടു.
ആസാധ്യമായ കാര്യമായിരുന്നു ചുങ് എന്ന കൊച്ചുപയ്യൻ അവരോടാവശ്യപ്പെട്ടത്. ചുരുങ്ങിയ ദിവസത്തിനുള്ളിൽ ഭക്ഷ്യയോഗ്യമല്ലാതായിത്തീരുന്ന ബ്രെഡ് എങ്ങനെയാണ് ചൈനയിലേക്ക് അയയ്ക്കുക. എങ്കിലും, അവനെ നിരാശപ്പെടുത്താതിരിക്കാൻ അവർ ഒരു വഴി കണ്ടുപിടിച്ചു.
അവൻ വാങ്ങിയ ബ്രെഡ് വീണ്ടും വിറ്റാൽ അതുവഴി കൂടുതൽ പണമുണ്ടാക്കാം എന്ന് അവർ അവനെ ബോധ്യപ്പെടുത്തി. ബ്രെഡ് വിറ്റുകിട്ടുന്ന പണം മുഴുവനും ചൈനയിലേക്ക് അയച്ചുകൊടുക്കാം എന്നവർ ഉറപ്പുകൊടുക്കുകയും ചെയ്തു. ചുങിന് സ്വീകാര്യമായിരുന്നു അവരുടെ നിർദ്ദേശം.
ചുങ് വാങ്ങിയ ബ്രെഡ് മുഴുവനും പുതിയ പായ്ക്കറ്റുകളിലാക്കി ദേശസ്നേഹമുള്ള ബ്രെഡ് എന്ന ലേബലിൽ അവർ പൊതുനിരത്തിൽ വില്പനയ്ക്കുവച്ചു. അദ്ഭുതകരമായിരുന്നു അവർക്കുലഭിച്ച പ്രതികരണം. നിമിഷങ്ങൾക്കുള്ളിൽ ബ്രെഡ് മുഴവനും വിറ്റഴിഞ്ഞു. ആ കച്ചവടത്തിലെ ലാഭം ഏഴു പൗണ്ടായിരുന്നു. ലാഭം കിട്ടിയ തുകകൊണ്ട് അവർ വീണ്ടും ബ്രെഡ് വാങ്ങി ദേശസ്നേഹമുള്ള ബ്രെഡ് എന്ന ലേബലിൽ വിറ്റഴിക്കാൻ തുടങ്ങി. മലിനയിലെ ചൈനീസ് വംശജർ ആ ബ്രെഡ് വാങ്ങാൻ ഓടിക്കൂടിയതുകൊണ്ട് കച്ചവടം വൻവിജയമായിരുന്നു. മൂന്നു ദിവസത്തിനുള്ളിൽ അവർക്ക് മുന്നൂറു പൗണ്ടിലധികം ലാഭം കിട്ടി.
അക്കാലത്ത് മുന്നൂറ് പൗണ്ട് എന്നത് വലിയൊരു തുകയായിരുന്നു. ഈ തുക മനിലയിലെ ചൈനീസ് റിലീഫ് ഏജൻസി ചൈനയിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തു.
സാധാരണ ഗതിയിൽ ഈ കഥ ഇവിടംകൊണ്ടവസാനിക്കേണ്ടതാണ്. എന്നാൽ, ഇത് ഹൃദയപൂർവ്വമുള്ള ഒരു കൊടുക്കലിന്റെ കഥയായതുകൊണ്ട് കഥ ഇവിടെ അവസാനിച്ചില്ല.
മനിലയിൽവച്ച് ചുങ് എന്ന കൊച്ചുപയ്യന്റെ ഈ കഥ കേൾക്കാനിടയായ ഒരു അമേരിക്കക്കാരൻ അമേരിക്കയിൽ മടങ്ങിയെത്തിയപ്പോൾ ഇതു പലരോടും പറയാനിടയായി. അങ്ങനെ, ഇതു കാർ നിർമാതാവും വലിയ കോടീശ്വരനുമായിരുന്ന ഹെന്റി ഫോർഡിന്റെ ചെവിയിലുമെത്തി.
ചുങിന്റെ നിസ്വാർത്ഥ സേവനത്തിന്റെ കഥ കേട്ട ഫോർഡ് ഒരു സൈക്കിൾ വാങ്ങാനുള്ള തുക മനിലയിലെ ചൈനീസ് റിലീഫ് ഏജൻസി വഴി ചുങിന് അയച്ചുകൊടുത്തു. ഈ തുക കൈയിൽ കിട്ടിയപ്പോൾ ചുങ് ഒരു സൈക്കിൾ വാങ്ങി. പക്ഷേ, സ്വന്തം ഉപയോഗത്തിനു വേണ്ടിയല്ല അവൻ സൈക്കിൾ വാങ്ങിയത്. സൈക്കിൾ വാടകയ്ക്കു കൊടുത്ത് അതുവഴി കിട്ടുന്ന ലാഭം ചൈനയിലെ പട്ടിണിപ്പാവങ്ങൾക്ക് അയയ്ക്കുകയായിരുന്നു ചുങിന്റെ ലക്ഷ്യം.
ചുങ് വിഭാവനം ചെയ്തതുപോലെ സൈക്കിൾ വാങ്ങി വാടകയ്ക്കുകൊടുത്ത് കുറേയധികം പണമുണ്ടാക്കാൻ അവനു സാധിച്ചു. അങ്ങനെ കിട്ടിയ തുക മുഴുവനും ചുങ് ചൈനയിലേക്ക് അയച്ചുകൊടുത്തതായി ഒരു ഗ്രന്ഥകാരൻ സാക്ഷിക്കുന്നുണ്ട്. വിശ്വസിക്കാൻ വിഷമം തോന്നുന്ന കഥയാണിത്. എങ്കിലും ചുങ് എന്ന കൊച്ചുപയ്യനെപ്പോലെ മറ്റുള്ളവരുടെ ദുഃഖങ്ങളിൽ അവരോടൊപ്പം വേദനിക്കുന്ന ഹൃദയമുള്ളവർ അപൂർവ്വമല്ല എന്നു നാമും സമ്മതിക്കും. തന്റെ സുഖത്തേക്കാളേറെ മറ്റുള്ളവരുടെ നന്മ എന്നതായിരുന്നു ചുങിന്റെ ലക്ഷ്യം. അതുകൊണ്ടാണ് സ്വന്തം സുഖം ത്യജിച്ച് മറ്റുള്ളവരെ സഹായിക്കാൻ ചുങ് എന്ന കൊച്ചുപയ്യൻ തയ്യാറായത്.
മറ്റുള്ളവരുടെ ദുഃഖം കാണുമ്പോൾ ചുങിനെപ്പോലെ നമുക്കും സഹതാപം തോന്നിയേക്കാം. എന്നാൽ അവൻ ചെയ്തതുപോലെ അവരുടെ ദുഃഖങ്ങളിൽ നാം പങ്കുചേരാറുണ്ടോ?

**CHRISTHEEYA DARSANAM,**
KALLOTH RIVER VIEW,
VADASHERIKKARA P.O., PATHANAMTHITTA DIST.
KERALA-689 662 email: **darsanam@outlook.com**

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM

ഒറ്റ പ്രതി: ₹10
Reg. No. **KERBIL/2008/26466**
Licence No. **KLPTA/89/2014-2016**
**Published on 20th March 2014**
Posted on 22nd March 2014 at RMS Thiruvalla

# ബ്രദറൺ തിയോളജിക്കൽ കോളേജ് ബിരുദദാനം മാർച്ച് 28 ന്

- ഒമ്പതുപേര് പഠനം പൂർത്തിയാക്കി



**കല്ലിശ്ശേരി:** മൂന്നു വർഷം പിറകിൽ കല്ലിശ്ശേരി പുത്തേത്ത് ബിൽഡിംഗിൽ ആരംഭിച്ച ബ്രദറൺ തിയോളജിക്കൽ കോളേജിന്റെ പ്രഥമ ബിരുദദാന സമ്മേളനം മാർച്ച് 28 ന് ബി. ബി.സി. ഓഡിറ്റോറിയത്തിൽ നടക്കും.

വൈകുന്നേരം 6 മുതൽ 8.30 വരെ നടക്കുന്ന സമ്മേളനത്തിൽ ബി.റ്റി.സി. പ്രസിഡന്റ് പ്രൊഫ. ജേക്കബ് തോമസ് അദ്ധ്യക്ഷനായിരിക്കും. ഡോ. പി. സി. ഏബ്രഹാം മുഖ്യ സന്ദേശം നൽകും. ഡോ. ജോൺസൺ സി. ഫിലിപ്പ്, എ. സി. തോമസ്, ജോർജ് കുര്യൻ, ജേക്കബ് തോമസ്, ബിജു മാത്യു, ബി.റ്റി.സി. അദ്ധ്യാപകർ തുടങ്ങിയവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കും. വിദ്യാർത്ഥികൾ ഗാനവിരുന്ന് ഒരുക്കും.

ഒമ്പതുപേർ പഠനം പൂർത്തിയാക്കി. പൂർണ്ണ സമയ പ്രവർത്തനങ്ങൾക്കായി സ്വന്തം സംസ്ഥാനങ്ങളിലേയ്ക്ക് മടങ്ങും. ഒഡീഷയിൽ നിന്നുള്ള നാലും മധ്യപ്രദേശിലെ ഗ്വാളിയറിൽ നിന്നുള്ള മൂന്നും 2 മലയാളികളുമാണ് ബി.റ്റി.എച്ച്. ബിരുദം നേടുന്നത്.

ഏപ്രിൽ 1 മുതൽ 17 വരെ ഗ്രാജുവേറ്റ് ചെയ്ത വിദ്യാർത്ഥികൾക്കൊപ്പം ബി.റ്റി.സി. ഒഡീഷയിലും മദ്ധ്യപ്രദേശിലും സുവിശേഷയാത്ര നടത്തും. സ്വന്തമായ ഒരു കെട്ടിടത്തിനുവേണ്ടിയുള്ള പരിശ്രമങ്ങൾ ബി.റ്റി.സി. ആരംഭിച്ചിട്ടുണ്ട്.

# വഴിയോര പ്രഘോഷകൻ ജോൺ ഉപദേശി യാത്രയായി



**തടിയൂർ:** മധ്യതിരുവിതാംകൂറിന്റെ വഴിയോര പ്രസംഗകനായിരുന്ന പുറംതടത്തിൽ പി. റ്റി. ജോൺ ഉപദേശി അങ്ങേ തീരത്തേക്ക് യാത്രയായി. മാർച്ച് 16 ഞായർ രാവിലെ 8: 30 ന് പാണ്ടനാട് സുവി. സാമുവേൽ റ്റി. ഫിലിപ്പിന്റെ ഭവനത്തിൽ പ്രഭാതഭക്ഷണസമയത്ത് ഹൃദയാഘാതത്തെ തുടർന്ന് കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു.

87-ാം വയസിലും സുവിശേഷഘോഷണം തപസ്യയായി ഏറ്റെടുത്ത മഹദ്ജീവിതമായിരുന്നു ജോൺ ഉപദേശിയുടേത്. തിരുവല്ല, കോഴഞ്ചേരി, ചെങ്ങന്നൂർ, റാന്നി, എരുമേലി, കാഞ്ഞിരപ്പള്ളി, മുണ്ടക്കയം, ഇരവിപേരുർ, തടിയൂർ തുടങ്ങിയ പ്രധാനപട്ടണങ്ങളിലും നാൽക്കവലകളിലും സജീവ സുവിശേഷസാന്നിദ്ധ്യമായിരുന്നു ഉപദേശി.

ചെറിയ ഹാൻഡ് മൈക്ക് കയ്യിലേന്തി വഴിയുടെ ഓരം ചേർന്നു നിന്ന് യേശുവിനും സുവിശേഷത്തിനും സാക്ഷിയായി. തന്റെ ആഗ്രഹപൂർത്തിയും കൂടിയാണ് മരണത്തിൽ സംഭവിച്ചത്. മുണ്ടക്കയത്ത് സുവി. കെ. എം. ബേബിയുടെയോ പാണ്ടനാട്ട് സുവി. സാമുവേൽ റ്റി. ഫിലിപ്പിന്റെയോ ഭവനത്തിൽവച്ച് മരിക്കണമെന്ന താൽപര്യം അദ്ദേഹത്തിനുണ്ടായിരുന്നു. ആഗ്രഹം കർത്താവ് സാധിപ്പിച്ചു. കർതൃദിനത്തിൽ കർതൃസന്നിധിയിൽ ചെന്നു ചേർന്നു. ഭൂമിയിൽ എന്നെ ഏറ്റുപറയുന്നവനെ പിതാവിന്റെയും ദൂതന്മാരുടെയും മുന്നിൽ ഞാനും ഏറ്റുപറയും എന്ന വചനം ജോൺ ഉപദേശിയിൽ നിവൃത്തിയാകും.

സുവിശേഷക്യാമ്പുകളിലും കൂട്ടായ പ്രവർത്തനങ്ങളിലും ജോൺ ഉപദേശി ഉണ്ടായിരുന്നു. വേദികളിൽനിന്ന് മാറി നടന്ന വ്യക്തിയായിരുന്നു. സാമ്പത്തിക ബുദ്ധിമുട്ടുകൾ തന്നോടൊപ്പം സഞ്ചരിച്ചു. സ്നേഹിക്കുന്നവരുടെ വീടുകളിൽ മാത്രം ഭക്ഷണം കഴിച്ചു; അന്തിയുറങ്ങി. പ്രഭാതത്തിൽ വീണ്ടും വയലിലേക്ക്. അതായിരുന്നു ദിനചര്യ.

സംസ്കാരശുശ്രൂഷ ശബരിമാങ്കൽ ബ്രദറൺ സഭയുടെ ചുമതലയിൽ 19 ബുധൻ 12 ന് നടന്നു. വളരെയേറെ സഹോദരീസഹോദരന്മാരും സുവിശേഷകന്മാരും പ്രിയ സഹോദരന് അന്ത്യമൊഴി ചൊല്ലി. പരേതയായ സാറാമ്മയാണ് ഭാര്യ. മക്കൾ: മോനച്ചൻ, തോമസ്, പൊടിയമ്മ, ശോശാമ്മ, മോളി.

# വൈ. എസക്കിയേൽ: ഒരു പ്രവാചകശബ്ദം പ്രകാശനം ചെയ്തു



തിരുവനന്തപുരം: പ്രസിദ്ധ പ്രവചനപണ്ഡിതനും 17 ഓളം ഈടുറ്റ ക്രിസ്തീയ ഗ്രന്ഥങ്ങളുടെ രചയിതാവും പ്രവചനപ്രദീപികയുടെ സ്ഥാപക പത്രാധിപരുമായിരുന്ന കർതൃദാസൻ വൈ. എസക്കിയേൽ സാറിന്റെ ജീവിതവും ശുശ്രൂഷകളും സ്മരണികയായി പുറത്തിറങ്ങി.

ബൈബിൾ സാഹിത്യപ്രവർത്തക സമിതിയുടെ ചുമതലയിൽ മാർച്ച് 14 ന് പുതുപ്പള്ളി ക്രിസ്ത്യൻ ബ്രദറൺ ചർച്ചിൽ നടന്ന സമ്മേളനത്തിൽ ബ്രദർ സാമുവേൽ ജോണിൽനിന്നും ബ്രദർ കെ. എ. ഫിലിപ്പ് ആദ്യപ്രതി ഏറ്റുവാങ്ങി. 184 പേജുള്ള സ്മരണികയുടെ മുഖവില 250 രൂപ.

ബ്രദറൺ സമൂഹത്തിലെ അൻപതോളം പ്രമുഖരുടെ ഓർമ്മക്കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എസ്. ജി. ഗിൽബർട്ടിന്റെ മുഖ്യചുമതലയിലാണ് പ്രസിദ്ധീകരണം നടന്നത്.

ആവശ്യമുള്ളവർ ബന്ധപ്പെടുക. S. G. Gilbert, Maruthanvila House, Fransis Saviours Church lane, Kunnappuzha, Arameda, P. O., TVM 695032, Tell-9400688756

# ഒക്‌ലഹോമ ബൈബിൾ ചാപ്പൽ സ്തോത്രശുശ്രൂഷ ഏപ്രിൽ 19ന്



**ഒക്‌ലോഹോമ:** ഒക്‌ലഹോമ ബ്രദറൺ വിശ്വാസികൾ പുതിയ ആരാധനാലയത്തിലേക്ക്. യുക്കോണിൽ പണികഴിപ്പിച്ച മനോഹരമായ ആരാധനാലയം ഏപ്രിൽ 19 ശനിയാഴ്ച രാവിലെ 10 ന് സ്തോത്രശുശ്രൂഷയോടെ ആരാധനയ്ക്ക് തുറന്നുകൊടുക്കും. സുവി. പി. എം. ഏബ്രഹാം ചെറുപുഴ വചനശുശ്രൂഷ നിർവ്വഹിക്കും. അമേരിക്കയിലെ മലയാളി ബ്രദറൺ വിശ്വാസികൾ സ്തോത്രശുശ്രൂഷയിൽ പങ്കെടുക്കും. സൈമൺ വർഗീസ്, പി. റ്റി. ജോൺസൻ, ഐസക് സാമുവേൽ

# ഭാരതത്തിലുടനീളം അവധിക്കാല ബൈബിൾ സ്കൂളുകൾ

**പുത്തൻകാവ്.** ഭാരതത്തിലെ മദ്ധ്യവേനൽ അവധിക്കാലത്തിനോടനുബന്ധിച്ച് വിവിധ സ്ഥലങ്ങളിൽ സുവിശേഷകൻ ബാലസംഘത്തിന്റെ ചുമതലയിൽ വെക്കേഷൻ ബൈബിൾ സ്കൂളുകൾ നടത്തുന്നു. ഒരാഴ്ച്ച നീണ്ടു നിൽക്കുന്ന പാഠ്യപദ്ധതിയിൽ എസ്. ബി. എസ്. പ്രത്യേകം തയ്യാറാക്കിയ ദൃശ്യോപകരണങ്ങളും ഗാനങ്ങളുമാണ് ഉപയോഗിക്കുന്നത്. യോശുവായുടെ വ്യക്തിത്വപഠനവും ജോർജ്ജ് മുള്ളറുടെ ജീവചരിത്രവും ഉൾപ്പെടുത്തിയിരിക്കുന്നു.



വിദ്യാർത്ഥികളുടെ സാമൂഹ്യബോധവും ആത്മീയ കാഴ്ചപ്പാടുകളും പ്രകാശിപ്പിക്കുന്നതിനുതകുന്ന രീതിയിലാണ് പാഠങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. കേരളത്തിലെ പാഠ്യപദ്ധതിയിൽ സവിശേഷമായ മാറ്റങ്ങൾ ഈ പ്രാവിശ്യം ഉൾക്കൊള്ളിച്ചിട്ടുണ്ട്. അനേകപരിഷ്കാരങ്ങളോടെ പുതിയ പാഠപദ്ധതി മാർച്ച് 22 മുതൽ വിതരണം ആരംഭിക്കും. 29 ന് നടക്കുന്ന വി.ബി. എസ്. ട്രെയിനിംഗ് പ്രോഗ്രാമിനോടനുബന്ധിച്ചും വിതരണം ചെയ്യും. 30 പുതിയ ഗാനങ്ങൾ സ്റ്റുഡിയോയിൽ റെക്കോർഡ് ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബ്രദർ ഏബ്രഹാം തോമസ് പുല്ലാടിന്റെ നേതൃത്വത്തിൽ സഹോദരന്മാരുടെ അശ്രാന്തപരിശ്രമം ഈ പ്രവർത്തനത്തിന്റെ വിജയമായിത്തീർന്നു.

ഉത്തരേന്ത്യയിൽ ഹിന്ദി സംസാരിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നരലക്ഷം കുട്ടികളെയാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ തമിഴ്, കന്നഡ, തെലുങ്ക്, ബംഗാളി, ഒറിയ ഇംഗ്ലീഷ് ഭാഷകളിലും വി.ബി.എസ് നടത്തുവാൻ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

ഭാരതത്തിലെ 40 കോടിയോളം വരുന്ന വിദ്യാർത്ഥികളെ വചനം അറിയിക്കേണ്ട ബാധ്യത നമുക്കുണ്ട്. ബാലസംഘം ജനറൽ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ മുൻവർഷങ്ങളേതിലേക്കാൾ ഏറെ പ്രവർത്തനങ്ങൾ ചെയ്യുവാൻ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

ഭാരതത്തിലെ കുഞ്ഞുങ്ങളെ സുവിശേഷം അറിയിക്കുവാനുള്ള ബൃഹത് പരിപാടിയിൽ പങ്കാളികളാവുക; പ്രാർത്ഥനയും പ്രോത്സാഹനവും നല്കുക.

വി.ബി.എസ് ആവശ്യങ്ങളിലേക്ക് ഭാരിച്ച സാമ്പത്തിക ആവശ്യങ്ങളാണ് ഉള്ളത്. ദൈവജനത്തിന്റെ സഹകരണം അഭ്യർത്ഥിക്കുന്നു.

വളരെ ചൂടേറിയ ഈ കാലാവസ്ഥയിൽ വി.ബി.എസിൽ പങ്കെടുക്കുന്നവർക്കും ടീച്ചേഴ്സിനും ആവശ്യമായ പരിചരണവും ദൈവകൃപയും ലഭിക്കേണ്ടതിന് ദൈവജനത്തിന്റെ നിരന്തരമായ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

PRINTED,PUBLISHED & OWNED BY RAJU K. THOMAS AND PRINTED AT COCHIN PRINTEC, ERNAKULAM KERALA . AND PUBLISHED FROM RAJU K. THOMAS, KALLOTH RIVER VIEW, VADASHERIKKARA P.O., PATHANAMTHITTA DIST. KERALA-689 662. EDITOR: VARGHESE THOMAS